24
NAUTICAL TIMES
KERALA
2022
ഫെബ്രുവരി
വ്യാഴം
കുംഭം 12

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 246 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-246 പേജ് 4. വില 2.00 രൂപ

02 ▶ ജനുവരി 31 വരെയുള്ള ഭൂമി തരം മാറ്റൽ അപേക്ഷകൾ തീർപ്പാക്കാൻ കർമ പദ്ധതി: മന്ത്രി കെ. രാജൻ

03 ▶ റവന്യൂ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു; 24ന് മുഖ്യമന്ത്രി സമർപ്പിക്കും

04 ▶ മൂന്നുവയസുകാരിയുടെ ആരോഗ്യനിലയിൽ പുരോഗതി; വെൻറിലേറ്ററിൽ നിന്ന് മാറ്റി

എംജി സർവകലാശാല കൈക്കൂലി: എംബിഎ സെക്ഷൻ ഓഫീസർക്ക് സസ്പെൻഷൻ

കോട്ടയം: എംജി സർവകലാശാല കൈക്കൂലി കേസിൽ എംബിഎ സെക്ഷൻ ഓഫീസർ ഐ. സാജന് സസ്പെൻഷൻ. അസിസ്റ്റൻറ് രജിസ്ട്രാർ ആസിഫ് മുഹമ്മദിനോട് വിശദീകരണം ചോദിക്കാനും സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

സിൻഡിക്കേറ്റ് ഉപസമിതിയുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് നടപടി. സാജൻ ജാഗ്രതക്കുറവും കൃത്യവിലോപവും കാട്ടിയെന്നായിരുന്നു സിൻഡിക്കേറ്റ് റിപ്പോർട്ട്. എംബിഎ വിഭാഗത്തിൽ ഉണ്ടായ വീഴ്ചകൾ ഗൗരവമായി എടുക്കാതിരുന്നതിനാണ് അസിസ്റ്റൻറ് രജിസ്ട്രാറോട് വിശദീകരണം ചോദിച്ചത്.

കൈക്കൂലി വാങ്ങിയ ജീവനക്കാരി സി.ജെ എൽസിയെ സസ്പെൻഡ് ചെയ്ത നടപടിക്ക് യോഗം അംഗീകാരം നൽകി.

സമിതി ശിപാർശകൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തുടർനടപടി സ്വീകരിക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

സിൻഡിക്കേറ്റ് അംഗം പി. ഹരികൃഷ്ണൻ അധ്യക്ഷനായ സിൻഡിക്കേറ്റ് ഉപസമിതിയാണ് അന്വേഷണം നടത്തിയത്. എൽസി രണ്ട് മാർക്ക് ലിസ്റ്റുകൾ തിരുത്തിയെന്ന സൂചനയും സിൻഡിക്കേറ്റ് സമിതിയുടെ റിപ്പോർട്ടിൽ ഉണ്ടായിരുന്നു.

അതിർത്തിയിലെ സ്ഥിതി രൂക്ഷം

യുക്രെയ്നിൽ അടിയന്തരാവസ്ഥ

മോസ്കോ: അതിർത്തിയിൽ റഷ്യൻ പ്രകോപനം ശക്തമായതോടെ പ്രതിരോധ നടപടികൾ ശക്തമാക്കി യുക്രെയ്ൻ. രാജ്യത്ത് ഒരു മാസത്തെ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ യുക്രെയ്ൻ ദേശീയ സുരക്ഷാ സമിതി നിർദേശിച്ചു.

രാജ്യത്തെ ശാന്തമാക്കാനും സമ്പദ് വ്യവസ്ഥയെ സംരക്ഷിക്കാനും പ്രത്യേക നിയന്ത്രണങ്ങൾ ബാധകമാകുമെന്നാണ് ദേശീയ സുരക്ഷാ ഉദ്യോഗസ്ഥരെ ഉദ്ധരിച്ചുള്ള റിപ്പോർട്ടുകൾ. സുരക്ഷാ സമിതിയുടെ നിർദേശം പാർലമെൻറ് അംഗീകരിക്കുന്നതോടെ അടിയന്തരാവസ്ഥ നിലവിൽ വരും.

രണ്ടുലക്ഷത്തോളം റിസർവ് സൈനികരോട് ജോലിയിൽ പ്രവേശിക്കാൻ തയാറായിരിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. ഇതിനിടെ, റഷ്യൻ പൗരന്മാരോട് രാജ്യം വിടാൻ യുക്രെയ്ൻ ആവശ്യപ്പെട്ടു. സൈനിക നടപടികളുമായി മുന്നോട്ടു പോകുമെന്ന് റഷ്യയും വ്യക്തമാക്കി

ക്രിസ്ത്യൻ നാടാർ വിഭാഗത്തെ ഒബിസി പട്ടികയിൽ ഉൾപ്പെടുത്തും

തിരുവനന്തപുരം: എസ്ഐയുസി ഒഴികെയുള്ള ക്രിസ്തുമത വിഭാഗത്തിൽപ്പെടുന്ന നാടാർ സമുദായത്തെ സംസ്ഥാന ഒബിസി പട്ടികയിൽ ഉൾപ്പെടുത്തി. ഇതിനായി 1958ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസിൽ 2021 ഓഗസ്റ്റ് 15 മുതൽ പ്രാബല്യത്തിൽ വരുന്നവിധം ഭേദഗതി കൊണ്ടുവരും.

എസ്ഐയുസി ഒഴികെയുള്ള ക്രിസ്ത്യൻ നാടാർ വിഭാഗത്തെ സംസ്ഥാന ഒബിസി പട്ടികയിൽ പെടുത്തി 2021 ഫെബ്രുവരി ആറിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്ഥാനങ്ങൾക്ക് ഒബിസി പട്ടികയിൽ സമുദായങ്ങളെ ഉൾപ്പെടുത്തുന്നതിന് അധികാരമില്ലെന്നും അതു റദ്ദാക്കണമെന്നും ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തതിനെത്തുടർന്ന് സർക്കാർ ഉത്തരവ് സ്റ്റേ ചെയ്ത് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചു.

ഭരണഘടനയുടെ 127 ാമത് ഭേദഗതി ബിൽ പാർലമെൻറ് പാസാക്കിയതിനെ തുടർന്ന് സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന സമുദായങ്ങളെ ഒബിസി ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് തിരികെ ലഭിച്ച സാഹചര്യത്തിലാണ് പുതിയ തീരുമാനം. നിലവിലുള്ള സംവരണത്തെ ബാധിക്കാതെയാണു നടപടി.

പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ ഫെബ്രുവരി 27 ന്

ലക്ഷ്യം വയ്ക്കുന്നത് 5 വയസിന് താഴെയുള്ള 24.36 ലക്ഷം കുട്ടികൾ

പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടി സംസ്ഥാന വ്യാപകമായി ഫെബ്രുവരി 27 ന് നടക്കും. സംസ്ഥാനതല ഉദ്ഘാടനം പത്തനംതിട്ട ജില്ലയിൽ ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവഹിക്കും.

കോവിഡ് സാഹചര്യത്തിൽ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കി കോവിഡ് മാർഗനിർദേശങ്ങൾ കർശനമായി പാലിച്ചായിരിക്കും പോളിയോ പ്രതിരോധ തുള്ളിമരുന്ന് വിതരണം ചെയ്യുകയെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. കേരളത്തിലെ അഞ്ച് വയസ് വരെയുള്ള 24,36,298 കുട്ടികൾക്ക് ഈ ദിനത്തിൽ പ്രത്യേകം സജ്ജീകരിച്ച ബൂത്തുകൾ വഴി പോളിയോ തുള്ളിമരുന്ന് നൽകുവാനാണ് ലക്ഷ്യമിടുന്നത്. ട്രാൻസിറ്റ്, മൊബൈൽ ബൂത്തുകൾ ഉൾപ്പെടെ 24,614 ബൂത്തുകളാണ് പ്രവർത്തിക്കുന്നത്. തുള്ളിമരുന്ന് വിതരണം ചെയ്യുന്നതിനായി 49,228 വോളണ്ടിയർമാർക്കും 2,183 സൂപ്പർവൈസർമാർക്കും പരിശീലനം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണി വരെ പ്രവർത്തിക്കുന്ന ബൂത്തുകളിലെ തിരക്ക് ഒഴിവാക്കുവാനായി ആരോഗ്യ പ്രവർത്തകർ നിർദ്ദേശിക്കുന്ന സമയത്ത് കുട്ടികളെ കൊണ്ടുപോയി തുള്ളിമരുന്ന് നൽകാൻ അമ്മമാർ പ്രത്യേകം ശ്രദ്ധിക്കണം. സ്കൂളുകൾ, അങ്കണവാടികൾ, വായനശാലകൾ, ആരോഗ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ബൂത്തുകൾ, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ എന്നിവിടങ്ങളിലെ ട്രാൻസിറ്റ് ബൂത്തുകൾ, അതിഥി തൊഴിലാളികളുടെ ക്യാമ്പുകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മൊബൈൽ ബൂത്തുകൾ എന്നിവ വഴിയാണ് തുള്ളിമരുന്ന് വിതരണം നടത്തുന്നത്.

പോളിയോ ബൂത്തിലുള്ളവരും കുട്ടികളെ കൊണ്ടുവരുന്നവരും കോവിഡ് മാർഗനിർദേശങ്ങൾ കർശനമായി പാലിക്കണം. ബൂത്തുകളിൽ കുട്ടികളുമായി എത്തുമ്പോൾ കൈകൾ അണുവിമുക്തമാക്കുകയും ശരിയായ രീതിയിൽ മാസ്ക് ധരിക്കുകയും ശാരീരിക അകലം പാലിക്കുകയും വേണം. കോവിഡ് മാർഗ നിർദേശങ്ങളനുസരിച്ച് തുള്ളിമരുന്ന് വിതരണം നടത്തുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും നടത്തിയിട്ടുണ്ട്. പ്രത്യേക പരിശീലനം നേടിയ ആരോഗ്യ പ്രവർത്തകരും വോളണ്ടിയർമാരുമാണ് തുള്ളിമരുന്ന് വിതരണം നടത്തുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ പൂർണ സഹകരണത്തോടെയാണ് പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ സംഘടിപ്പിക്കുന്നത്.

കേരളത്തിൽ രണ്ടായിരത്തിനു ശേഷവും ഇന്ത്യയിൽ 2011നു ശേഷവും പോളിയോ രോഗം റിപ്പോർട്ട് ചെയ്തിട്ടില്ല. 2014 മാർച്ചിൽ ലോകാരോഗ്യ സംഘടന ഇന്ത്യയെ പോളിയോ മുക്ത രാജ്യമായി പ്രഖ്യാപിച്ചിരുന്നു. എങ്കിലും അയൽ രാജ്യങ്ങളിൽ പോളിയോ രോഗം ഇപ്പോഴും റിപ്പോർട്ട് ചെയ്യപ്പെടുന്നതിനാൽ രോഗസാധ്യത ഒഴിവാക്കുവാനായി കുട്ടികൾക്ക് പോളിയോ തുള്ളിമരുന്ന് തുടർന്നും നൽകേണ്ടത് അനിവാര്യമാണ്. അതിനാൽ അഞ്ച് വയസിന് താഴെയുള്ള കുട്ടികൾക്ക് പോളിയോ പ്രതിരോധ തുള്ളിമരുന്ന് നൽകിയെന്ന് ഉറപ്പാക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

മൂന്ന് റഫാൽ വിമാനങ്ങൾ കൂടി ഇന്ത്യയിലെത്തി

ന്യൂഡൽഹി: ഫ്രാൻസിൽ നിന്ന് മൂന്ന് റഫാൽ യുദ്ധവിമാനങ്ങൾ കൂടി ഇന്ത്യയിലെത്തി. ഇതോടെ ഫ്രാൻസുമായി കരാർ ഒപ്പിട്ട 36 റഫാൽ യുദ്ധ വിമാനങ്ങളിൽ 35 എണ്ണം ഇന്ത്യക്ക് ലഭിച്ചു. അവസാന വിമാനം ഏതാനും ആഴ്ചകൾക്കുള്ളിൽ ഫ്രാൻസിൽനിന്ന് ഇന്ത്യയിലെത്തുമെന്ന് പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു.

2016 സെപ്റ്റംബറിൽ 59,000 കോടി രൂപയുടെ കരാറിലാണ് ഇന്ത്യ ഒപ്പുവച്ചത്. ഇടനിലക്കാരെ ഒഴിവാക്കി രണ്ട് രാജ്യങ്ങൾ തമ്മിലാണ് കരാറിൽ ഏർപ്പെട്ടത്. ഫ്രഞ്ച് എയ്റോസ്പേസ് കമ്പനിയായ ദസാൾട്ട് ഏവിയേഷനാണ് റഫാൽ നിർമാതാക്കൾ. വിമാനത്തിനുള്ള മിസൈൽ സംവിധാനങ്ങൾ എംബിഡിഎ വിതരണം ചെയ്യുന്നു.

രേണുരാജ് ആലപ്പുഴ ജില്ലാ കളക്ടർ

തിരുവനന്തപുരം: ഡോ. രേണു രാജിനെ ആലപ്പുഴ ജില്ലാ കളക്ടറായി നിയമിക്കുന്നതിന് ബുധനാഴ്ച ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു. ഫിഷറീസ് ഡയറക്ടറായി അദീല അബ്ദുള്ളയെയും അരുൺ കെ.വിജയനെ അർബൻ അഫയേഴ്സ് ഡയറക്ടറായും നിയമിച്ചു.

ഹരിദാസ് കൊലപാതകം: പോലീസുകാരനെ ചോദ്യം ചെയ്യുന്നു

കണ്ണൂർ: പുന്നോലിൽ സിപിഎം പ്രവർത്തകൻ ഹരിദാസനെ അതിക്രൂരമായി വെട്ടിക്കൊലപ്പെടുത്തിയ കേസുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥനെ ചോദ്യം ചെയ്യുന്നു. കണ്ണവം പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥനായ സുരേഷിനെയാണ് ചോദ്യം ചെയ്യുന്നത്.

കൃത്യം നടന്ന ദിവസം കേസിലെ പ്രതികളിൽ ഒരാളായ കെ. ലിജേഷ് സുരേഷിനെ വിളിച്ചിരുന്നു. പ്രതികളുടെ ഫോൺ പരിശോധിച്ചതിൽനിന്നുമാണ് ഇക്കാര്യം വ്യക്തമായത്. പുലർച്ചെ ഒന്നിനാണ് ഇരുവരും തമ്മിൽ സംസാരിച്ചത്. ഇതിൻറെ അടിസ്ഥാനത്തിലാണ് സുരേഷിനെ വിശദമായി പോലീസ് ചോദ്യം ചെയ്യുന്നത്.

അതേസമയം ആളുമാറി സുരേഷിനെ വിളിച്ചതെന്നാണ് ലിജേഷ് നൽകുന്ന മൊഴി. കേസിൽ ഇന്ന് ഒരാൾ കൂടി പിടിയിലായിരുന്നു. പുന്നോൽ സ്വദേശി നിജിൽദാസ് ആണ് പിടിയിലായത്. നേരത്തെ നഗരസഭാംഗവും ബിജെപി മണ്ഡലം പ്രസിഡൻറുമായ കെ. ലിജേഷ് അടക്കം നാല് ആർഎസ്എസ് പ്രവർത്തകർ അറസ്റ്റിലായിരുന്നു.

ജോലി കഴിഞ്ഞു മടങ്ങിയെത്തിയയുടൻ വീടിനു മുന്നിൽവച്ചാണ് പതിയിരുന്ന അക്രമി സംഘം ഹരിദാസനെ വെട്ടിവീഴ്ത്തിയത്. കടലിൽ പോയി മടങ്ങിയെത്തിയ ഹരിദാസൻ അടുക്കള ഭാഗത്തെത്തി മീൻ ഭാര്യ മിനിയെ ഏൽപ്പിച്ച ശേഷം മുൻഭാഗത്തേക്കു പോകുന്നതിനിടെ അക്രമികൾ ചാടി വീഴുകയായിരുന്നു. രക്ഷപ്പെടാൻ മതിൽ ചാടുന്നതിനിടെ വെട്ടി വീഴ്ത്തി. ഹരിദാസിൻറെ ഇടതുകാൽ അറുത്തു വലിച്ച് എറിഞ്ഞു. ശരീരത്തിൽ ഇരുപതിലേറെ വെട്ടേറ്റിരുന്നു.

കാഷ്യൂ കോർപ്പറേഷന്റെ 'മികവ് 2021' അവാർഡ് വിതരണം

കൊല്ലം : വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയ കാഷ്യൂ കോർപ്പറേഷൻ ജീവനക്കാരുടെയും തൊഴിലാളികളുടെയും മക്കൾക്ക് വിദ്യാഭ്യാസ അവാർഡുകൾ വിതരണം ചെയ്തു. 'മികവ് 2021' പദ്ധതിയുടെ ഭാഗമായി പ്രസ് ക്ലബ് ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ മേയർ പ്രസന്ന ഏണസ്റ്റ് ഉദ്ഘാടനം ചെയ്തു. കാഷ്യൂ കോർപറേഷൻ ചെയർമാൻ എസ്. ജയമോഹൻ അധ്യക്ഷനായി. എം.ഡി. ഡോ.രാജേഷ് രാധാകൃഷ്ണൻ ഷോപ്പ്സ് വെൽഫെയർ ബോർഡ് ചെയർമാൻ കെ.രാജഗോപാൽ കാപ്പക്സ് ചെയർമാൻ എം.ശിവശങ്കരപ്പിള്ള തുടങ്ങിയവർ പങ്കെടുത്തു.

എസ്.എസ്.എൽ.സിക്ക് മുഴുവൻ എ പ്ലസ് നേടിയ 114, 9 എ പ്ലസ് നേടിയ 25, പ്ലസ് ടു മുഴുവൻ എ പ്ലസ് നേടിയ 18, എസ്.എസ്.എൽ.സിപ്ലസ് ടു ഉയർന്ന മാർക്ക് കരസ്ഥമാക്കിയ എസ്.സി/എസ്.ടി വിഭാഗത്തിലെ 11, എം.ബി.ബി.എസ് പ്രവേശനം നേടിയ ആറ് എം.എസ്.സി. ബയോകെമിസ്ട്രി, ജേർണലിസം ഡിപ്ലോമ, ജെ.ആർ.എഫ് നെറ്റ് റാങ്ക് ജേതാക്കൾ ഉൾപ്പെടെ 117 വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ്, ക്യാഷ് അവാർഡുകൾ, പഠനസഹായം എന്നിങ്ങനെ 7,30,000 രൂപ വിതരണം ചെയ്തത്.

കാഷ്യു കോർപ്പറേഷൻ 'മികവ് 2021' വിദ്യാഭ്യാസ അവാർഡ് പ്രസ് ക്ലബ്ബിൽ മേയർ പ്രസന്ന ഏണസ്റ്റ് വിതരണം ചെയ്യുന്നു.

റവന്യു കോംപ്ലക്സ് : പ്രചരിക്കുന്നത് തെറ്റായ വാർത്തകൾ കൊല്ലം ജില്ലാ കലക്ടർ

കൊല്ലം : പീരങ്കി മൈതാനത്ത് റവന്യു കോംപ്ലക്സ് നിർമാണം തുടങ്ങുന്നുവെന്ന രീതിയിൽ തികച്ചും അടിസ്ഥാനരഹിതമായ വാർത്തകളാണ് മാധ്യമങ്ങളിലൂടെ പ്രചരിക്കുന്നതെന്ന് ജില്ലാ കലക്ടർ അഫ്സാന പർവീൺ. സ്ഥലം പൂർണമായും സർക്കാർ ഉടമസ്ഥതയിലുള്ളതാണ്. പ്രദേശത്ത് നിർമാണം നടത്തുന്നതിനെതിരെ മേയർ നിർദ്ദേശം നൽകിയെന്ന പ്രചാരണവും വാസ്തവ വിരുദ്ധമാണ്. 2016 17ലെ സംസ്ഥാന ബജറ്റിൽ ജില്ലയ്ക്ക് റവന്യു ടവർ നിർമാണത്തിന് അനുമതി നൽകിയിരുന്നു. ഇതിനായി സ്ഥല ലഭ്യത സംബന്ധിച്ചും സ്റ്റേഡിയത്തിന് പാട്ടത്തിന് നൽകിയിട്ടുള്ളതിൽ കവിഞ്ഞ സ്ഥലത്ത് കയ്യേറ്റം നടക്കുന്നതായുള്ള പരാതി പരിശോധിക്കുന്നതിനുമായി പ്രദേശത്ത് സന്ദർശനം നടത്തിയിരുന്നു. റവന്യു ടവർ നിർമാണത്തിന് ഇതുവരെ ഭരണാനുമതി ലഭ്യമായിട്ടില്ല.

സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി മാത്രമാകും ഈ മേഖലയുടെ വിനിയോഗം സംബന്ധിച്ച തീരുമാനം എടുക്കുക എന്നും ജില്ലാ കലക്ടർ വ്യക്തമാക്കി.

തിരുവനന്തപുരം മെഡിക്കൽ കോളജിൽ ക്ലിനിക്കൽ ഫാർമസിസ്റ്റ്

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളജിൽ ക്ലിനിക്കൽ ഫാർമസിസ്റ്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. ഒരു ഒഴിവാണുള്ളത്. ഫാം ഡിയും ഏതെങ്കിലും പ്രമുഖ ആശുപത്രിയിൽ ക്ലിനിക്കൽ ഫാർമസിസ്റ്റായി രണ്ടു വർഷത്തെ പ്രവൃത്തി പരിചയവുമാണു യോഗ്യത. ആന്റിമൈക്രോബിയൽ മേഖലയിലെ നൈപുണ്യം അഭികാമ്യം. 179 ദിവസത്തേക്കായിരിക്കും നിയമനം. ശമ്പളം പ്രതിമാസം 18,000 രൂപ. താത്പര്യമുള്ളവർ ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം അപേക്ഷകൾ ഫെബ്രുവരി 28 ന് വൈകിട്ട് 3 നു മുമ്പ് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ തപാൽ വഴിയോ, ഇ-മെയിൽ വഴിയോ, നേരിട്ടോ നൽകണം. അപേക്ഷകൾ പരിശോധിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഇന്റർവ്യൂ നടത്തും. അപേക്ഷിക്കുന്ന തസ്തികയുടെ പേര്, അപേക്ഷകന്റെ/യുടെ മേൽവിലാസം, ഇ-മെയിൽ അഡ്രസ്സ്, മൊബൈൽ നമ്പർ എന്നിവ അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തണം.

ഐസിഫോസിൽ കരാർ നിയമനം

സംസ്ഥാന ഐ റ്റി വകുപ്പിന് കീഴിലുള്ള സ്വയം ഭരണ സ്ഥാപനമായ ഐസിഫോസിലെ അസിസ്റ്റീവ് ടെക്നോളജി പ്രോജക്ടിലേക്ക് റിസേർച്ച് അസിസ്റ്റന്റ്, ഫോസ് ഇന്നൊവേഷൻ ഫെലോ എന്നീ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒന്നു മുതൽ മൂന്ന് വർഷം വരെ പ്രവൃത്തി പരിചയമുള്ള ഇലക്ട്രോണിക്സിൽ ബിരുദമോ ബിരുദാനന്തരബിരുദമോ ഉള്ള ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ ബയോഡാറ്റയും യോഗ്യതയും പ്രവൃത്തി പരിചയവും തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി മാർച്ച് മൂന്നിന് രാവിലെ 9ന് കാര്യവട്ടം സ്പോർട്സ് ഹബ്ബിലെ ഐസിഫോസ് ഓഫിസിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2700012/13/14; 0471 2413013, 9400225962.

പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിങ് ഡയറക്ടർമാർക്ക് പരിശീലനം

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മാനവവിഭവ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന് കീഴിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിങ് ഡയറക്ടർമാർക്ക് വേണ്ടി റിയാബിന്റെ (പൊതുമേഖലാ പുനഃസംഘടനാ ബോർഡ്) ആഭിമുഖ്യത്തിൽ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

ഫെബ്രുവരി 24, 25, 26 തീയതികളിൽ എറണാകുളം ബോൾഗാട്ടി പാലസ്, ലേക്ക് വ്യൂ ഹാളിലാണ് പരിശീലനം. മാനേജ്മെന്റ്, ഫിനാൻസ്, മാർക്കറ്റിംഗ് മുതലായ വിഷയങ്ങളിൽ വൈദഗ്ദ്ധ്യം നേടിയ പ്രശസ്തരും പ്രഗത്ഭരുമായ ഡോ. എബ്രഹാം കോശി (മുൻ പ്രൊഫസർ ഐ.ഐ.എം അലഹബാദ്), പ്രൊഫ. മാണി പി സാം (മുൻ ചെയർമാൻ) രാജഗിരി ബിസിനസ് സ്കൂൾ), ഡോ. സജി ഗോപിനാഥ് (വൈസ് ചാൻസിലർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള), പ്രൊഫ. ആനന്ദക്കുട്ടൻ ബി ഉണ്ണിത്താൻ (ഡീൻ ഫാക്കൽറ്റി ഐ.ഐ.എം കോഴിക്കോട്), ഐസക് വർഗീസ് (ഡയറക്ടർ കൺസൾട്ടിംഗ്, രാജഗിരി ബിസിനസ് സ്കൂൾ), വേണുഗോപാൽ സി ഗോവിന്ദ്, (സീനിയർ ചാർട്ടേർഡ് അക്കൗണ്ടന്റ് എന്നിവർ വിവിധ സെഷനുകൾ കൈകാര്യം ചെയ്യും.

ഫെബ്രുവരി 26നുള്ള സമാപന ചടങ്ങിൽ വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ്, വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് തുടങ്ങിയവർ പങ്കെടുത്തു.

പട്ടിക വർഗ വകുപ്പിൽ പ്രമോട്ടർ

പട്ടിക വർഗ വികസന വകുപ്പിൽ പട്ടിക വർഗ പ്രമോട്ടർ, ഹെൽത്ത് പ്രമോട്ടർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വകുപ്പ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ വികസന പദ്ധതി സംബന്ധിച്ച വിവരങ്ങൾ പട്ടിക വർഗക്കാരിൽ എത്തിക്കുന്നതിനും സർക്കാരിന്റെ വിവിധ വകുപ്പുകൾ, ഏജൻസികൾ തുടങ്ങിയവ നടത്തുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പട്ടിക വർഗക്കാർക്ക് ചികിത്സ ഉറപ്പു വരുത്തുന്നതിനുമായി സേവനസന്നദ്ധരും പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ പട്ടിക വർഗ യുവതീയുവാക്കൾക്ക് അപേക്ഷിക്കാം. പി.വി.റ്റി.ജി/അടിയ/പണിയ/മലപണ്ടാര വിഭാഗങ്ങൾക്ക് എട്ടാം ക്ലാസ് യോഗ്യത മതിയാവും. 20 നും 35 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ചവർക്കും ആയുർവേദം / പാരമ്പര്യവൈദ്യം എന്നിവയിൽ പ്രാവീണ്യം നേടിയവർക്കും മുൻഗണന ലഭിക്കും. എഴുത്തുപരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും നിയമനം. ഒരു വർഷമാണ് നിയമന കാലാവധി. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം ടി.എ ഉൾപ്പെടെ 13,500 രൂപ ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കും. അപേക്ഷ ഓൺലൈൻ വഴി ം.ാാറസല്യമഹമ.ിലേ. ം.ാറേറ.സല്യമഹമ.ഴീ.ശി എന്നീ വെബ്സൈറ്റുകൾ വഴി സമർപ്പിക്കാം.അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷകരുടെ താമസപരിധിയിൽപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് തെരഞ്ഞെടുക്കേണ്ടതാണ്. അതത് സെറ്റിൽമെന്റിൽ നിന്നുള്ളവർക്ക് നിയമനത്തിൽ മുൻഗണന നൽകും. ഒരാൾ ഒന്നിലധികം അപേക്ഷകൾ നൽകാൻ പാടില്ല. ഫെബ്രുവരി 28 വൈകുന്നേരം അഞ്ച് മണി വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് വിതുര, കുറ്റിച്ചൽ, നന്ദിയോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിലോ നെടുമങ്ങാട് പ്രവർത്തിക്കുന്ന ഐ.റ്റി.ഡി.പി ഓഫീസിലോ ബന്ധപ്പെടാവുന്നതാണ്.

സെക്രട്ടേറിയറ്റിലെ ഹെൽത്ത് ക്ലിനിക്കിൽ ഇ-ഹെൽത്ത് നടപ്പാക്കുന്നതിന്റെ ഉദ്ഘാടനം ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി നിർവഹിക്കുന്നു

സെക്രട്ടേറിയറ്റ് ഹെൽത്ത് ക്ലിനിക്കിൽ ഇ-ഹെൽത്ത്

സെക്രട്ടേറിയറ്റിലെ ഹെൽത്ത് ക്ലിനിക്കിൽ ഇ-ഹെൽത്ത് പദ്ധതിക്കു തുടക്കമായി ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി ഉദ്ഘാടനം ചെയ്തു. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെ, ഇ-ഹെൽത്ത് പ്രൊജക്ട് ഡയറക്ടർ കെ. മുഹമ്മദ് വൈസഫറുള്ള, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. വി.ആർ. രാജു, അഡിഷണൽ ഡയറക്ടർ ഡോ. മീനാക്ഷി, സെക്രട്ടേറിയറ്റ് ക്ലിനിക്ക് മെഡിക്കൽ ഓഫിസർ ഡോ. എം. അതുൽ, ഇ-ഹെൽത്ത് ടെക്നിക്കൽ മാനേജർ വിനോദ് രാജ്, ഫിനാൻസ് മാനേജർ ആർ. ജയചന്ദ്രൻ, അഡ്മിൻ മാനേജർ കെ.ബി. ബാഹുലേയൻ എന്നിവർ പങ്കെടുത്തു.

രാത്രിനടത്തം നാളെ

കൊല്ലം : സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമവും ലിംഗവിവേചനവും അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ വനിതാ ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ രാത്രിനടത്തം സംഘടിപ്പിക്കുന്നു. ഫെബ്രുവരി 25 ന് രാത്രി എട്ട് മണിക്ക് സിവിൽ സ്റ്റേഷൻ, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ്, ചിന്നക്കട (ക്ലോക്ക് ടവർ) റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് ആരംഭിച്ച് രാത്രി ഒൻപത് മണിക്ക് ബീച്ചിൽ അവസാനിക്കും. ജനപ്രതിനിധികൾ, സന്നദ്ധസാമൂഹിക പ്രവർത്തകർ, സ്ത്രീ സംഘടനകൾ, റസിഡൻന്റ്സ് അസോസിയേഷൻ, എൻ.സി.സി, എൻ.എസ്.എസ്, കോളേജ് വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുക്കും. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ 9497667365.

ബോധവൽക്കരണ ക്ലാസ് നടത്തി

കൊല്ലം സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ യൂണിറ്റിന്റെയും കിളിമാനൂർ ആർ.ആർ.വി. ബി. വി.എച്ച്.എസ്.എസിന്റെയും സംയുക്താഭിമുഖ്യത്തിൽ 'വനം പരിസ്ഥിതി സംരക്ഷണം' എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് നടത്തി. ഹെഡ്മാസ്റ്റർ വേണു ജി. പോറ്റി ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ എസ്. ദിനേശ് വിഷയാവതരണം നടത്തി. സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായ എം.സതീഷ്, പി. കെ രമേശ്, പി.ആർ ഗോപകുമാർ, എം. നൗഷാദ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി.

140 നിയോജക മണ്ഡലങ്ങളിലും ഐസൊലേഷൻ വാർഡുകൾ

*35 നിയോജക മണ്ഡലങ്ങളിൽ നിർമ്മാണം ആരംഭിച്ചു

മണ്ഡലങ്ങളിലെ ഐസൊലേഷൻ വാർഡുകളുടെ നിർമാണം ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 90 ആശുപത്രികളിൽ വാർഡിന് ആവശ്യമായ സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധത്തിന് സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കുന്നതാണ്. ഇനിയൊരു പകർച്ചവ്യാധിയുണ്ടായാൽ നേരിടുന്നതിന് ആരോഗ്യ മേഖലയെ കൂടുതൽ സജ്ജമാക്കുകയാണ് ലക്ഷ്യം. ഓരോ നിയോജക മണ്ഡലത്തിലും പ്രവർത്തിക്കുന്ന ഒരാശുപത്രിയിൽ 10 കിടക്കകളുള്ള ആധുനിക സൗകര്യങ്ങളോട് കൂടിയുള്ള ഐസൊലേഷൻ കെട്ടിടമാണ് നിർമ്മിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

എംഎൽഎ ഫണ്ടും കിഫ്ബി ഫണ്ടും തുല്യമായി ഉപയോഗിച്ച് നടത്തുന്ന 250 കോടി രൂപയുടേതാണ് പദ്ധതി. ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കെ.എം.എസ്.സി.എൽനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 2,400 ചതുരശ്ര അടി വിസ്ത്രീർണത്തിലുള്ളതാണ് കെട്ടിടം. ചുരുങ്ങിയ സമയത്തിനുള്ളിൽ അടിയന്തിരമായി നിർമാണം പൂർത്തിയാക്കുന്ന പ്രീ എഞ്ചിനീയറിംഗ് സാങ്കേതികവിദ്യയാണ് ഇതിന് ഉപയോഗിക്കുന്നത്. ഫാക്ടറിയിൽ വെച്ച് തന്നെ ഡിസൈൻ ചെയ്തതനുസരിച്ചു നിർമിച്ച സ്ട്രക്ചറുകൾ കൊണ്ടുവന്നു സ്ഥാപിക്കുന്ന സാങ്കേതിക വിദ്യയാണിത്. നാലര മാസത്തിനുള്ളിൽ കെട്ടിടം പൂർത്തിയാക്കാൻ സാധിക്കും.

തിരുവനന്തപുരം ഐരാണിമുട്ടം സാമൂഹികാരോഗ്യ കേന്ദ്രത്തിന് അനുബന്ധമായി തയ്യാറാക്കുന്ന ഐസൊലേഷൻ വാർഡിന്റെ സ്ഥലം മന്ത്രി സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. വി.ആർ. രാജു, കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ ഡോ. ജോയ് എന്നിവർ മന്ത്രിയോടൊപ്പമുണ്ടായിരുന്നു.

പഞ്ചാബ് പോളിങ്

അമൃത്സർ: അന്തിമ കണക്കുകളിൽ കുതിച്ചുയർന്ന് പഞ്ചാബിലെ വോട്ടിങ് ശതമാനം. ഇത് പല രാഷ്ട്രീയ കക്ഷികളിലും അമ്പരപ്പ് ഉളവാക്കിയിട്ടുണ്ട്.

65.32 ശതമാനമെന്ന പോളിങ്ങിൽ നിന്നും അന്തിമകണക്കുകളിൽ 69.65 ആയി കുതിച്ചുയരുകയായിരുന്നു. സാധാരണയായി ഒരു ശതമാനത്തിന്റെ വ്യത്യാസമാണ് സംഭവിക്കാറുള്ളത്. എന്നാൽ പഞ്ചാബ് തെരഞ്ഞെടുപ്പിലെ ആദ്യ കണക്കുകളും അന്തിമ കണക്കും തമ്മിൽ 4.3 ശതമാനത്തിന്റെ വ്യത്യാസം രേഖപ്പെടുത്തി.

എന്നിരുന്നാലും പഞ്ചാബിൽ വോട്ടിങ് ശതമാനം കഴിഞ്ഞതവണത്തേക്കാൾ കുറവാണ് രേഖപ്പെടുത്തിയത്. 2017 ൽ 77.36 ശതമാനം പോളിങ്ങായിരുന്നു ഉണ്ടായത്. 2012 ൽ 78.30 ശതമാനവും 2007 ൽ 75.42 ശതമാനവും പോളിങ്ങ് രേഖപ്പെടുത്തിയപ്പോൾ 2002 ൽ 65.14 ആയിരുന്നു വോട്ടിങ്ങ് ശതമാനം.

55.40 ശതമാനം പോളിങ്ങ് രേഖപ്പെടുത്തിയ അമൃത്സർ വെസ്റ്റിലാണ് ഏറ്റവും കുറഞ്ഞ വോട്ടിങ്. മുക്തസാർ ജില്ലയിലെ ഗിദ്ദർബാഹ 84.93 ശതമാനം പോളിങ്ങ് രേഖപ്പെടുത്തി.

ഇത്തവണ അധികാരം പിടിക്കാമെന്ന പ്രതീക്ഷയോടെ മത്സരിക്കുന്ന ആം ആദ്മി പാർട്ടിക്ക് വോട്ടിങ് ശതമാനത്തിലെ കണക്കുകൾ തിരിച്ചടിയായിട്ടുണ്ട്. എഎപിക്ക് സിറ്റിങ് എംഎൽഎമാരുള്ള മണ്ഡലങ്ങളിലും പോളിങ് പൊതുവേ കുറഞ്ഞു. 2017 ലേതിനേക്കാൾ പത്തുമുതൽ നാല് ശതമാനം വരെ കുറവ് പോളിങ്ങാണ് ഓരോ മണ്ഡലത്തിലും സംഭവിച്ചിട്ടുള്ളത്. സാധാരണയായി ഉയർന്ന പോളിങ്ങ് രേഖപ്പെടുത്തുമ്പോഴാണ് അധികാരമാറ്റങ്ങൾ ഉണ്ടാവുക.

വധഗൂഢാലോചന: ദിലീപിന്റെ സഹോദരിഭർത്താവിനെ ചോദ്യം ചെയ്തു

കൊച്ചി: വധഗൂഢാലോചന കേസിൽ ദിലീപിന്റെ സഹോദരിയുടെ ഭർത്താവ് ടി എൻ സുരാജ് ചോദ്യം ചെയ്യലിന് ഹാജരായി. കളമശ്ശേരി ക്രൈംബ്രാഞ്ച് ഓഫീസിലാണ് ഹാജരായത്. ദിലീപിന്റെ സഹോദരൻ അനൂപ് ഇന്ന്ഹാജരാകും. ക്രൈംബ്രാഞ്ച് നേരിട്ട് പിടിച്ചെടുത്ത ഫോണുകളുടെ പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിലാണ് ചോദ്യം ചെയ്യൽ. കോടതി അനുമതിയോടെ നടന്ന മൂന്നു ദിവസത്തെ ചോദ്യം ചെയ്യലിനു ശേഷമുള്ള രണ്ടാംഘട്ട ചോദ്യംചെയ്യൽ ആണ് നടക്കുന്നത്. സുരാജിനെയും അനൂപിനെയും ചോദ്യംചെയ്ത ശേഷം നടൻ ദിലീപിനെയും ഈയാഴ്ച്ച ചോദ്യം ചെയ്യാൻ വിളിപ്പിക്കും. ദിലീപിന്റെയും അനൂപിന്റെയും സുരാജിന്റെയും മൊബൈൽ ഫോണുകളുടെ ശാസ്ത്രീയ പരിശോധനാഫലം ആലുവ മജിസ്ട്രേറ്റ് കോടതിയിൽ ലഭിച്ചിട്ടുണ്ട്. ഇത് കൈമാറണം എന്നാവശ്യപ്പെട്ട് ക്രൈംബ്രാഞ്ച് കോടതിയിൽ അപേക്ഷ നൽകും. വധഗൂഢാലോചനക്കേസിന്റെ എഫ് ഐആർ റദ്ദാക്കണമെന്ന പ്രതികളുടെ ഹർജി ഹൈക്കോടതിയുടെ പരിഗണനയിലാണ്. നടിയെ ആക്രമിച്ച കേസിന്റെ വിചാരണ നീട്ടിക്കൊണ്ട് പോകാനാണ് തുടരന്വേഷണം നടത്തുന്നതെന്നാണ് ദിലീപിന്റെ ആക്ഷേപം. തുടരന്വേഷണത്തിന് മുതിർന്ന ഉദ്യോഗസ്ഥരുടെ അനുമതി ഉണ്ടായിരുന്നില്ല. തുടരന്വേഷണം ആവശ്യപ്പെട്ട് അന്വേഷണ ഉദ്യോസ്ഥർ വിചാരണക്കോടതിയിൽ നൽകിയ റിപ്പോർട്ട് റദ്ദാക്കണമെന്നും നടിയെ ആക്രമിച്ച കേസിന്റെ വിചാരണ വേഗത്തിൽ പൂർത്തിയാക്കാൻ വിചാരണ കോടതിക്ക് നിർദേശം നൽകണമെന്നുമാണ് ദിലീപിന്റെ ഹർജിയിലെ ആവശ്യം. ദിലീപിന്റെ ഹർജിയിൽ കക്ഷി ചേരാൻ അനുവദിക്കണമെന്ന് ആക്രമിക്കപ്പെട്ട നടി നേരത്തെ കോടതിയിൽ ആവശ്യപ്പെട്ടിരുന്നു.

വ്യക്തിത്വവികസന പരിശീലകരെ കെ-ഡിസ്ക് എംപാനൽ ചെയ്യുന്നു

സംസ്ഥാന സർക്കാരിന്റെ നോളജ് ഇക്കോണമി മിഷന്റെ ഭാഗമായി വ്യക്തിത്വ വികസന പരിശീലകരെ (പേഴ്സണാലിറ്റി ഡെവലപ്മെന്റ് പ്രൊഫഷണൽ-പി.ഡി.പി.) എംപാനൽ ചെയ്യുന്നു. തൊഴിലന്വേഷകർക്ക് അവരുടെ മേഖലകളിൽ വിജയിക്കുന്നതിനാവശ്യമായ കൗൺസിലിംഗും മെന്ററിംഗും നൽകുകയും ആശയവിനിമയ വൈദഗ്ധ്യം ഉണ്ടാക്കുകയും ജോലിക്കുവേണ്ടിയുള്ള അഭിമുഖങ്ങളിലും മറ്റും പങ്കെടുക്കാൻ സജ്ജമാക്കുകയുമാണ് ലക്ഷ്യം. ഈ മേഖലയിൽ പരിചയസമ്പന്നരായ വിദഗ്ദ്ധരിൽ നിന്ന് നോളജ് എക്കോണമി മിഷന്റെ ചുമതലയുള്ള കേരള ഡവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലാണ് (കെ-ഡിസ്ക്) അപേക്ഷ ക്ഷണിച്ചത്. അവസാന തിയതി മാർച്ച് രണ്ട്. വിശദവിവരങ്ങൾ h-ttps://k-d-i-sc.k-er-a-l-a.gov.in/ ൽ ലഭിക്കും.

പ്രവാസിക്ഷേമനിധി: കുടിശിക അടയ്ക്കാൻ അവസരം

കേരള പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് പെൻഷനാകേണ്ട പ്രായവും നിലവിലുള്ള രണ്ട് വർഷത്തെ ഇളവും കഴിഞ്ഞവരും (62 വയസു കഴിഞ്ഞവർ) 12 മാസത്തിൽ താഴെ മാത്രം അംശദായ കുടിശികയും/പിഴയും അടയ്ക്കാനുള്ളവരുമായവർക്ക് കുടിശിക തുക അടച്ചു തീർത്ത് പെൻഷൻ അപേക്ഷ സമർപ്പിക്കുന്നതിന് സർക്കാർ അനുമതിയായി. അംശദായ/പിഴ കുടിശിക അടയ്ക്കാനുള്ളവർ ഈ അവസരം പ്രയോജനപ്പെടുത്തി കുടിശിക അടച്ചു തീർത്ത് എത്രയും വേഗം പെൻഷൻ അപേക്ഷ ഓൺലൈനായി സമർപ്പിക്കണമെന്ന് ബോർഡ് സി.ഇ.ഒ അറിയിച്ചു.

ജനുവരി 31 വരെയുള്ള ഭൂമി തരം മാറ്റൽ അപേക്ഷകൾ തീർപ്പാക്കാൻ കർമ പദ്ധതി: മന്ത്രി കെ. രാജൻ

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി പ്രകാരം 25 സെന്റ് വരെയുള്ള ഭൂമിയുടെ തരം മാറ്റുന്നതിന് ജനുവരി 31 വരെ ലഭിച്ച അപേക്ഷകൾ ആറുമാസത്തിനുള്ളിൽ തീർപ്പാക്കുമെന്നും ഇതിനായി പ്രത്യേക കർമപദ്ധതി നടത്തുമെന്നും റവന്യൂ മന്ത്രി കെ. രാജൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

31.61 കോടി രൂപയോളമാണു പദ്ധതി നടത്തിപ്പിനായി പ്രതീക്ഷിക്കുന്ന ആകെ ചെലവെന്നു മന്ത്രി പറഞ്ഞു. ഇതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആറുമാസത്തേക്ക് സർവേയർമാരെയും ഡാറ്റാ എൻട്രി ക്ലർക്കുമാരെയും നിയമിക്കും. 2000 ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ഒരു ജൂനിയർ സൂപ്രണ്ട്, രണ്ടു ക്ലാർക്ക്, ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനെ ജീവനക്കാർ അടങ്ങുന്ന ഒരു യൂണിറ്റ് അധിക ജീവനക്കാരെയാകും നിയമിക്കുക.

5000-ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള ഒമ്പതു റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ഒരു ജൂനിയർ സൂപ്രണ്ട്, നാലു ക്ലാർക്ക്, ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനെ അധിക ജീവനക്കാരെ നിയമിക്കും. 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ രണ്ടു ക്ലർക്ക്, ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനെ അധിക ജീവനക്കാരെ നിയമിക്കും. 1000 ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ, വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ വിന്യസിച്ച് അപേക്ഷകൾ തീർപ്പാക്കണം.

അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലർക്കിനെ നിയമിക്കും. 18 ആർ.ഡി.ഒ. ഓഫീസുകളുടെ പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ ഒരു ക്ലാർക്ക് മൂന്നു സർവ്വേയർ എന്നിങ്ങനെ അധിക ജീവനക്കാരെ നിയമിക്കും. വില്ലേജുകളിൽ നിലവിൽ യാത്രാസൗകര്യം ഇല്ലാത്തതിനാൽ ഫീൽഡ് പരിശോധനക്കായി രണ്ടു വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 680 വില്ലേജുകളിൽ വാഹനസൗകര്യം അനുവദിക്കും. 5.99 കോടി രൂപ ചെലവഴിച്ച് കംപ്യൂട്ടർ, സ്കാനർ, പ്രിന്റർ തുടങ്ങിയവ വാങ്ങി ഐ.ടി. സൗകര്യങ്ങൾ ഒരുക്കും.

ഫെബ്രുവരി ഒന്നു മുതലുള്ള ഭൂമി തരംമാറ്റൽ അപേക്ഷകൾ പൂർണമായും ഓൺലൈൻ സംവിധാനം വഴിയാകും നടക്കുകയെന്നും മന്ത്രി പറഞ്ഞു.

ഹിജാബ് നിരോധനം സ്ത്രീകളുടെ അവകാശങ്ങളുടെ നിഷേധമെന്ന് കാന്തപുരം

കോഴിക്കോട്: ഹിജാബ് നിരോധിക്കാനുള്ള ഏതൊരു ശ്രമവും സ്ത്രീകളുടെ ഭരണഘടനാപരമായ അവകാശങ്ങളുടെ നിഷേധമാണെന്ന് കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ ബംഗളൂരുവിൽ നടത്തിയ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

മുസ്‌ലിം സ്ത്രീയുടെ സ്വത്വത്തിന്റെയും അനിവാര്യമായ മതകീയ ആചാരത്തിന്റെയും ഭാഗമാണ് ശിരോവസ്ത്രം. ഇത് ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്നതാണെന്നും കാന്തപുരം പറഞ്ഞു. വിവിധ പരിപാടികളിൽ സംബന്ധിക്കാനായി കർണാടകയിൽ എത്തിയതായിരുന്നു മർകസ് ചാൻസലർ കൂടിയായ കാന്തപുരം. മർകസ് നോളജ് സിറ്റി മാനേജിങ് ഡയറക്ടർ ഡോ. എ പി അബ്ദുൽ ഹകീം അസ്ഹരിയും പരിപാടികളിൽ സംബന്ധിച്ചു.

ഇന്ത്യയുടെ ഭരണഘടനാ സംവിധാനങ്ങൾ എല്ലാ വിശ്വാസങ്ങളോടും ആചാരങ്ങളോടും മാന്യത പുലർത്തുന്നതാണ്. എല്ലാവരെയും പൂർണമായും ഉൾക്കൊണ്ടു മുന്നോട്ട് പോകുന്ന സമീപനമാണ്

ഭരണഘടന വിഭാവനം ചെയ്യുന്നത്. വിശ്വാസം, സംസ്കാരം, വസ്ത്രധാരണം തുടങ്ങിയ എല്ലാ കാര്യത്തിലുമുള്ള ബഹുസ്വരതയാണ് രാജ്യത്തിന്റെ സ്വഭാവവും സൗന്ദര്യവും. വൈവിധ്യത്തിന്റെ ഈ സൗന്ദര്യമാകട്ടെ ഇന്ത്യയുടെ ആത്മാവിന്റെ ഭാഗമാണ്. അത് സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം കാന്തപുരം പറഞ്ഞു.

26-ാമത് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള(ഐ.ഐ.എഫ്.കെ)യുടെ ഫെസ്റ്റിവൽ ഡിസൈൻ പ്രകാശനം ഗതാഗത മന്ത്രി ആന്റണി രാജു കെ.എസ്.എഫ്.ഡി.സി. ചെയർമാൻ ഷാജി എൻ. കരുണിനു നൽകി പ്രകാശനം ചെയ്യുന്നു

2020ലെ ജെ.സി. ഡാനിയേൽ പുരസ്കാരം പ്രശസ്ത പിന്നണി ഗായകൻ ജയചന്ദ്രനു മുഖ്യമന്ത്രി പിണറായി വിജയൻ സമർപ്പിക്കുന്നു

സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിങ്

സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ തിരുവനന്തപുരം വെള്ളയമ്പലം അയ്യൻകാളി ഭവനിലെ കമ്മീഷന്റെ കോർട്ട് ഹാളിൽ 26 ന് രാവിലെ 11 ന് സിറ്റിങ് നടത്തും. ഭരതർ ക്രിസ്ത്യൻ വിഭാഗത്തെ ഏതു ജാതിയിൽ ഉൾപ്പെടുത്തണമെന്നതും 30.08.2010 ലെ സ.ഉ.(എം.എസ്)നം. 39/2010/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവ് ഭേദഗതി ചെയ്യുന്നതും പാലക്കാട് ജില്ലയിൽ ഷൊർണ്ണൂർ ഭാഗത്ത് സ്ഥിരതാമസക്കാരായ ശെങ്കുന്തർ, കൈക്കോളൻ, കേരള മുതലി, മുതലിയാർ എന്നീ വിവിധ പേരുകളിൽ അറിയപ്പെടുന്ന 'കൈക്കോളൻ' വിഭാഗത്തിൽപ്പെട്ടവർക്ക് സ്കൂൾ സർട്ടിഫിക്കറ്റിൽ വിവിധപേരുകൾ ചേർത്തിട്ടുള്ളതിനാൽ 'കൈക്കോളൻ' സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്നുള്ള പരാതി എന്നിവ പരിഗണിക്കും. കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജി ശശിധരൻ, മെമ്പർമാരായ ഡോ. എ. വി. ജോർജ്ജ്, സുബൈദാ ഇസ്ഹാക്ക്, കമ്മീഷൻ മെമ്പർ സെക്രട്ടറി എന്നിവർ സിറ്റിങ്ങിൽ പങ്കെടുക്കും.

വിമുക്തഭടൻമാരുടെ സംരംഭങ്ങൾക്ക് ധനസഹായം

സ്വയം തൊഴിൽ പദ്ധതി പ്രകാരം വിമുക്തഭടൻമാർ നടത്തുന്ന സംരംഭങ്ങളിൽ, ബാങ്കുകളിൽ നിന്നോ കേന്ദ്ര സംസ്ഥാന ഏജൻസികളിൽ നിന്നോ സ്വീകരിച്ചിരിക്കുന്ന ലോണുകളിൽ മേൽ ഒറ്റത്തവണ ടോപ്പ് അപ്പ് ആയി തുക നൽകുന്നതിന്, വിജയകരമായി സ്വയം തൊഴിൽ പദ്ധതികൾ നടത്തിവരുന്ന വിമുക്തഭടൻമാരിൽ നിന്നും അവരുടെ വിധവകളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നു.

കേരള – ഹിമാചൽ വിദ്യാർഥികളുടെ ഓൺലൈൻ ട്വിന്നിങ് പരിപാടി സംഘടിപ്പിച്ചു

ഏക് ഭാരത് ശ്രേഷ്ഠ് ഭാരത് പദ്ധതിയുടെ ഭാഗമായി കേരളത്തിലെയും ഹിമാചൽപ്രദേശിലെയും വിദ്യാർഥികളെ ഉൾപ്പെടുത്തി സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ ഓൺലൈൻ കൾച്ചറൽ ട്വിന്നിങ് പ്രോഗ്രാം സംഘടിപ്പിച്ചു. പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.

രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ കുട്ടികൾ തമ്മിലുള്ള ആശയ വിനിമയം മെച്ചപ്പെടുത്തുകയും പരസ്പര ധാരണ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണു കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഏക് ഭാരത് ശ്രേഷ്ഠ ഭാരത് പരിപാടി നടപ്പാക്കുന്നത്. 2020 ഒക്ടോബറിലും കേരളവും ഹിമാചലുമായി ട്വിന്നിങ് പരിപാടി നടത്തിയിരുന്നു.

സമഗ്ര ശിക്ഷ കേരളയുടെ തിരുവനന്തപുരത്തെ ആസ്ഥാന മന്ദിരത്തിൽ നടന്ന ചടങ്ങിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ കെ. ജീവൻ ബാബു, സമഗ്ര ശിക്ഷ കേരള പ്രൊജക്ട് ഡയറക്ടർ ഡോ. എ.ആർ. സുപ്രിയ, സമഗ്രശിക്ഷ ഹിമാചൽപ്രദേശ് പ്രൊജക്ട് ഡയറക്ടർ ഡോ. വീരേന്ദർ ശർമ, ഏക് ഭാരത് ശ്രഷ്ഠ് ഭാരത് കേരളയുടെ പ്രൊജക്ട് ഡയറക്ടർ പ്രീതി എം. കുമാർ, ഹിമാചൽപ്രദേശിലെ ഏക് ഭാരത് ശ്രേഷ്ഠ ഭാരത് നോഡൽ ഓഫിസർ രേണു ബാല തുടങ്ങിയവർ പങ്കെടുത്തു.

ജെ.സി. ഡാനിയേൽ പുരസ്കാരം പി. ജയചന്ദ്രന് മുഖ്യമന്ത്രി സമർപ്പിച്ചു

2020ലെ ജെ.സി. ഡാനിയേൽ പുരസ്കാരം പ്രശസ്ത പിന്നണി ഗായകൻ പി. ജയചന്ദ്രനു മുഖ്യമന്ത്രി പിണറായി വിജയൻ സമർപ്പിച്ചു. മലയാള ചലച്ചിത്ര ഗാന ശാഖയുടെ ശബ്ദമായി നിലകൊണ്ട് ആസ്വാദക ലക്ഷങ്ങളെ വിസ്മയിപ്പിച്ച ഗായകനാണു പി. ജയചന്ദ്രനെന്ന് പുരസ്കാരം സമർപ്പിച്ചു മുഖ്യമന്ത്രി പറഞ്ഞു.

സംഗീതത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമായ കലയാക്കി മാറ്റിയതു ചലച്ചിത്ര ഗാനങ്ങളാണ്. സമ്പന്ന കുടുംബ പശ്ചാത്തലങ്ങളിൽമാത്രം ഒതുങ്ങിനിന്ന സംഗീതത്തെ എല്ലാ വിഭാഗം ആളുകളിലേക്കും എത്തിച്ചതും ചലച്ചിത്ര സംഗീതമാണ്. ചലച്ചിത്ര ഗാനങ്ങളുടെ വൈകാരികഭാവം അതിസൂക്ഷ്മതലത്തിൽ ഉൾക്കൊണ്ടുപാടുന്നതുകൊണ്ടാണ് ഭാവഗായകൻ എന്ന വിശേഷണം കേരളം പി. ജയചന്ദ്രനു നൽകിയത്. ആധുനിക കേരളത്തിന്റെ കലാസാംസ്കാരിക ചരിത്രത്തിനൊപ്പം വളരുകയും സ്വന്തം പ്രതിഭകൊണ്ട് സവിശേഷ സ്ഥാനം കരസ്ഥമാക്കുകയും ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞെന്നും മുഖ്യമന്ത്രി പറഞ്ഞു.

ജെ.സി. ഡാനിയേൽ പുരസ്കാര ജേതാക്കൾ മലയാള സിനിമയ്ക്കു നൽകിയ സമഗ്ര സംഭാവനകൾ രേഖപ്പെടുത്തുന്നതിനായി പുരസ്കാര ജേതാക്കളുടെ ജീവചരിത്രം ഡോക്യുമെന്ററിയാക്കുന്ന പദ്ധതി ചലച്ചിത്ര അക്കാദമി ആരംഭിച്ചിട്ടുണ്ടെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച സാംസ്കാരിക മന്ത്രി സജി ചെറിയാൻ പറഞ്ഞു. പി. ജയചന്ദ്രന്റെ അഭ്യർഥന പ്രകാരം പ്രശസ്ത സംഗീതജ്ഞൻ എം.എസ്. വിശ്വനാഥന്റെ പ്രതിമ നിർമിക്കുന്നതിനു സാംസ്കാരിക വകുപ്പ് നടപടി സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

26-ാമത് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള(ഐ.ഐ.എഫ്.കെ)യുടെ ഫെസ്റ്റിവൽ ഡിസൈൻ ഗതാഗത മന്ത്രി ആന്റണി രാജു കെ.എസ്.എഫ്.ഡി.സി. ചെയർമാൻ ഷാജി എൻ. കരുണിനു നൽകി പ്രകാശനം ചെയ്തു. കേരള സർവകലാശാല സെനറ്റ് ഹാളിൽ നടന്ന ചടങ്ങിൽ ഭക്ഷ്യ - സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ, ജൂറി ചെയർമാൻ അടൂർ ഗോപാലകൃഷ്ണൻ, ചലച്ചിത്ര സംഗീത നിരൂപകൻ രവി മേനോൻ, സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത്ത്, സെക്രട്ടറി സി. അജോയ് തുടങ്ങിയവർ പങ്കെടുത്തു. പുരസ്കാര സമർപ്പണത്തിനു ശേഷം പി. ജയചന്ദ്രന്റെ ഗാനങ്ങൾ കോർത്തിണക്കിയുള്ള ഭാവഗാന സാഗരം എന്ന സംഗീത പരിപാടിയും അരങ്ങേറി.

റവന്യൂ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു; 24ന് മുഖ്യമന്ത്രി സമർപ്പിക്കും

ലാൻഡ് റവന്യൂ, സർവെ, ദുരന്ത നിവാരണ വകുപ്പുകളിൽ മികച്ച സേവനം കാഴ്ചവയ്ക്കുന്നവർക്കുള്ള 2021ലെ റവന്യൂ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. റവന്യൂ ദിനമായ ഫെബ്രുവരി 24നു മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരങ്ങൾ സമ്മാനിക്കും. വർഷങ്ങളായി മുടങ്ങിക്കിടന്ന റവന്യൂ ദിനാചരണം ഈ വർഷം മുതൽ പുനരാരംഭിക്കുകയാണെന്നും പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു റവന്യൂ മന്ത്രി കെ. രാജൻ പറഞ്ഞു.

ലാന്റ് റവന്യൂ വകുപ്പിൽ നിന്നും ഓരോ ജില്ലയിലേയും മികച്ച മൂന്ന് വില്ലേജ് ഓഫീസർമാർക്കും സംസ്ഥാനത്തെ മികച്ച മൂന്ന് തഹസിൽദാർമാർക്കും മികച്ച മൂന്ന് എൽ ആർ തഹസിൽദാർമാർക്കും, മികച്ച മൂന്ന് ആർഡിഒ/ സബ് കളക്ടർമാർക്കും മികച്ച മൂന്ന് ഡെപ്യൂട്ടി കളക്ടർമാർക്കും മികച്ച മൂന്ന് ജില്ലാ കളക്ടർമർക്കും അവാർഡുകൾ സമ്മാനിക്കും. ഓരോ ജില്ലയിലേയും മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന ഓരോ വില്ലേജ് ഓഫീസിനും സംസ്ഥാന തലത്തിൽ മികച്ച പ്രവർത്തനം കാഴ്ച്ച വെക്കുന്ന ഓരോ താലൂക്കോഫീസിനും റവന്യു ഡിവിഷണൽ ഓഫീസിനും ജില്ലാ കളക്ടർക്കും സർവേ സൂപ്രണ്ടിനും അവാർഡ് സമ്മാനിക്കും. കൂടാതെ ഹെഡ് സർവേയർ, ഹെഡ് ഡ്രാഫ്റ്റ്സ്മാൻ, സർവേയർ, ഡ്രാഫ്റ്റ്സ്മാൻ എന്നിവരിൽ സംസ്ഥാനത്ത് മികച്ച പ്രകടനം കാഴ്ച വച്ച മൂന്ന് പേർക്ക് വീതവും അവാർഡ് നൽകും.

ദുരന്തനിവാരണ വകുപ്പിൽ നിന്നും ജില്ലയിലെ ഏറ്റവും മികച്ച ഹസാർഡ് അനലിസ്റ്റ്, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററിലെ ഹസാർഡ് അനലിസ്റ്റ്, സെക്ടറൽ സ്പെഷ്യലിസ്റ്റ്, ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ കോ-ഓർഡിനേറ്റർ എന്നിവർക്കും അവാർഡുകൾ വിതരണം ചെയ്യും. 24ന് വൈകിട്ട് ആറിന് അയ്യൻകാളി ഹാളിലാണ് ചടങ്ങ്.

വിവിധ പുരസ്കാര ജേതാക്കൾ ഇവർ.

അവാർഡ് ജേതാക്കൾ, മികച്ച വില്ലേജ് ഓഫീസർമാർ (ജില്ല, പേര്, വില്ലേജ് എന്ന ക്രമത്തിൽ)

തിരുവനന്തപുരം : ഷറഫുദ്ദീൻ എ - പള്ളിപ്പുറം, ജയശ്രീ വി കെ - നഗരൂർ, ബിജോയ് ഡി - വീരൺകാവ്.

കൊല്ലം: ജി എസ് ശ്രീകുമാർ - കൊല്ലം ഈസ്റ്റ്, ഗീതാകുമാരി ആർ - തൃക്കടവൂർ, രതീഷ് ടി - കോട്ടുക്കൽ.

പത്തനംതിട്ട: ബിജുമോൻ പി - കടപ്ര, പ്രതാപൻ എ - ഇരവിപേരൂർ, രശ്മി ജി - മല്ലപ്പള്ളി.

ആലപ്പുഴ: ലയ എസ് - കൈനകരി സൗത്ത്, അനുപമ ഇ ആർ - തണ്ണീർമുക്കം തെക്ക്, മനോജ്കുമാർ ബി - കാവാലം.

കോട്ടയം: പി ടി ദിനേശൻ - കാണക്കാരി, ജയകുമാർ ആർ- മുട്ടമ്പലം, വി എം സുബേർ- കാഞ്ഞിരപ്പിള്ളി.

ഇടുക്കി: ജെയ്സൺ ജോർജ്ജ് - കട്ടപ്പന, ഗോപകുമാർ കെ - കുടയാത്തൂർ, മായ കെ തങ്കപ്പൻ - എലപ്പള്ളി

എറണാകുളം: നസീറ ടി എ - കോതമംഗലം, അമ്പിളി എസ് - നടമ, ജോർജ്ജ് സി വാളൂരാൻ - വാളകം.

തൃശൂർ: അനിത കുമാരി എ എൻ - വടക്കാഞ്ചേരി-പാർളിക്കാട്, ജോബി കെ കെ - കല്ലൂർ-തെക്കുമുറി, ബിന്ദു കെ - മുള്ളൂർക്കര-ആറ്റൂർ.

പാലക്കാട്: ബിന്ദു കൃഷ്ണൻ സി - കടമ്പഴിപുറം 1, ജയചന്ദ്രൻ ആർ - കണ്ണമ്പ്ര 1, കൃഷ്ണകുമാരി എസ് - കിഴക്കഞ്ചേരി 2.

മലപ്പുറം: റെജി ടി ജോർജ്ജ് - പുഴക്കാട്ടിരി, ഷിബു എൻ വി - കരുലായ്.

കോഴിക്കോട്: ജയൻ ഇ കെ - പന്തളായാനി, സുരേഷൻ മാവിലാരി - ചേമഞ്ചേരി, അബ്ദുൾ ഖഫൂർ കെ പി - രാരോത്ത്.

വയനാട്: ലൈല സി വി - പൊരുന്നന്നൂർ, സന്തോഷ് പി വി - എടവക, ഷിബു ജോർജ്ജ് - പാടിച്ചിറ.

കണ്ണൂർ: സുനിൽകുമാർ പി - കണ്ണൂർ-1, ഷൈജു ബി - കോളാരി, സന്ദീപ് എ കെ - പിണറായി.

കാസർഗോഡ്: മുഹമ്മദ് ഹാരിസ് പി എ - കുഡ്ലു, ആനന്ദ് എം സെബാസ്റ്റ്യൻ - കാസർഗോഡ്, ബിജു കെ വി - നീലേശ്വരം.

മികച്ച തഹസിൽദാർ (പേര്, താലൂക്ക്, ജില്ല എന്ന ക്രമത്തിൽ)

രഞ്ജിത്ത് ജോർജ്ജ് - കണയന്നൂർ - എറണാകുളം

വിനോദ് രാജ് - കുന്നത്തുനാട് - എറണാകുളം

ഉഷ ആർ - ചേർത്തല - ആലപ്പുഴ

മികച്ച തഹസിൽദാർ (എൽ ആർ)

അഗസ്റ്റിൻ എം ജെ - മാനന്തവാടി - വയനാട്

മനോഹരൻ പി ഡി - ചങ്ങനാശ്ശേരി - കോട്ടയം

ശോഭ സതീഷ് - നെയ്യാറ്റിൻകര - തിരുവനന്തപുരം

മികച്ച തഹസിൽദാർ (ആർ ആർ, എൽ എ)

രാജമ്മ എം എസ് - സ്പെഷൽ തഹസിൽദാർ (റവന്യു റിക്കവറി) പാലക്കാട് - പാലക്കാട്

പ്രേംലാൽ എം പി - സ്പെഷൽ തഹസിൽദാർ (എൽഎ), ജനറൽ, തിരുവനന്തപുരം - തിരുവനന്തപുരം

സജീവ് കുമാർ പി എ - സ്പെഷൽ തഹസിൽദാർ (എൽ എ) എൻ എച്ച്-2, ആലപ്പുഴ - ആലപ്പുഴ

മികച്ച സബ്ബ് കളക്ടർ / ആർഡിഒ (പേര്, സബ് ഡിവിഷൻ, ജില്ല എന്നിവ ക്രമത്തിൽ)

അനു കുമാരി എസ് (സബ് കളക്ടർ - തലശ്ശേരി, കണ്ണൂർ)

മാധവിക്കുട്ടി എം എസ് (സബ്ബ് കളക്ടർ, തിരുവനന്തപുരം)

ബിജു സി ആർഡിഒ - വടകര, കോഴിക്കോട്

മികച്ച ഡെപ്യൂട്ടി കളക്ടർ (പേര്, തസ്തിക, ജില്ല)

ജേക്കബ് സഞ്ജയ് ജോൺ - ഡെപ്യൂട്ടി കളക്ടർ (എൽഎ) - തിരുവനന്തപുരം

മുഹമ്മദ് സഫീർ ഇ - എ.ഡി.എം & ഡെപ്യൂട്ടി കളക്ടർ (ജനറൽ) - തിരുവനന്തപുരം

സന്തോഷ് കുമാർ എസ് - ഡെപ്യൂട്ടി കളക്ടർ (എൽ ആർ) - ആലപ്പുഴ

മികച്ച ജില്ലാ കളക്ടർ

മൃൺമയി ജോഷി - പാലക്കാട്

ഡോ.നവജ്യോത് ഖോസ - തിരുവനന്തപുരം

അലക്സാണ്ടർ - ആലപ്പുഴ

മികച്ച വില്ലേജ് ഓഫീസ്

വിളപ്പിൽ - തിരുവനന്തപുരം

മൈനാഗപ്പള്ളി - കൊല്ലം

വള്ളിക്കോട് -പത്തനംതിട്ട

പട്ടണക്കാട് - ആലപ്പുഴ

കാണക്കാരി - കോട്ടയം

പാറത്തോട് - ഇടുക്കി

വാരപ്പെട്ടി - എറണാകുളം

കിഴക്കേ ചാലക്കുടി - തൃശൂർ

പാലക്കാട് 2 -പാലക്കാട്

കൊണ്ടോട്ടി - മലപ്പുറം

രാരോത്ത് - കോഴിക്കോട്

പൊരുന്നന്നൂർ - വയനാട്

കണ്ണൂർ - 1 - കണ്ണൂർ

ചെറുവത്തൂർ - കാസർഗോഡ്

മികച്ച താലൂക്ക് ഓഫീസ്

കണയന്നൂർ , എറണാകുളം ജില്ല

മികച്ച ആർഡിഒ ഓഫീസ് - തിരുവനന്തപുരം, തിരുവനന്തപുരം ജില്ല

മികച്ച ജില്ല കളക്ടേറ്റ് - തിരുവനന്തപുരം

ദുരന്തനിവാരണ വകുപ്പ്

മികച്ച ഹസാർഡ് അനലിസ്റ്റ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി

അഞ്ജലി പരമേശ്വരൻ - ഹസാർഡ് അനലിസ്റ്റ് - എറണാകുളം ജില്ല

മികച്ച ഹസാർഡ് അനലിസ്റ്റ്, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്റർ

അജിൻ ആർ എസ്, ഹസാർഡ് അനലിസ്റ്റ് (ജിയോളജി), ഗടജ്ഞഉഇ, ഗടഉങഅ

മികച്ച സെക്ടറൽ സ്പെഷലിസ്റ്റ്

പ്രദീപ് ജി എസ്, ഹസാർഡ് & റിസ്ക് അനലിസ്റ്റ്

മികച്ച ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ കോ-ഓഡിനേറ്റർ

നൗഷഭ നാസ് പി പി, ഘടഏ ഉങ ജഹമി ഇീ്യറശിമ ്യേ, ഠവ്യശ്യൈ

സർവ്വേ വകുപ്പ്

മികച്ച സർവ്വെ ഡെപ്യൂട്ടി ഡയറക്ടർ

ആർ സോമനാഥൻ - ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യലയം, ആലപ്പുഴ

മികച്ച സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ

ഡി മോഹൻ ദേവ്, അസിസ്റ്റൻറ് ഡയറക്ടർ ഓഫീസ്, റീസർവ്വെ, കൊല്ലം (നിലവിൽ ഇടുക്കി സർവെ ഡെപ്യൂട്ടി ഡയറക്ടർ)

മികച്ച സർവ്വെ സൂപ്രണ്ട്

ഉണ്ണികൃഷ്ണൻ പി, റീസർവ്വെ സൂപ്രണ്ട് ഓഫീസ്, വൈക്കം, കോട്ടയം (നിലവിൽ കൊല്ലം റീസർവെ അസിസ്റ്റന്റ് ഡയറക്ടർ)

മികച്ച ഹെഡ് സർവ്വെയർ

1. മുഹമ്മദ് ഷെരീഫ് ടി പി, റീസർവ്വെ സൂപ്രണ്ട് ഓഫീസ്, ശ്രീകണ്ഠപുരം, കണ്ണൂർ

2. അജിതകുമാരി വി, റീസർവ്വെ സൂപ്രണ്ട് ഓഫീസ്, കഴക്കൂട്ടം, തിരുവനന്തപുരം

3. സിന്ധു എ ജി, റീസർവ്വെ സൂപ്രണ്ട് ഓഫീസ്, ചേർപ്പ്, തൃശൂർ

മികച്ച ഹെഡ് ഡ്രാഫ്റ്റ്സ്മാൻ

1. അനിൽകുമാർ എസ്, സർവ്വെ ഡയറക്ടേറ്റ്, തിരുവനന്തപുരം

2. രാധാമണി എം എൻ, അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, സർവ്വേ റേഞ്ച്, തൃശൂർ

3. കൃഷ്ണകുമാർ കെ ജി, ജില്ലാ എസ്റ്റാബ്ലിഷ്മെന്റ്, കൊല്ലം

സംസ്ഥാനത്തെ ഏറ്റവും മികച്ച സർവെയർമാർ

1. ശ്രീജിത്ത് കുമാർ കെ.കെ, റീസർവ്വെ സൂപ്രണ്ട് ഓഫീസ്, അടൂർ, പത്തനംതിട്ട

2. ഡേവിസ് ആന്റണി, റീസർവ്വെ സൂപ്രണ്ട് ഓഫീസ്, തൃശൂർ

3. നിർമ്മല കുമാരി എ, റീസർവ്വെ സൂപ്രണ്ട് ഓഫീസ്, പുനലൂർ, കൊല്ലം

മികച്ച ഡ്രാഫ്റ്റ്സ്മാൻമാർ

1. പ്രിയ എൻ, സർവ്വെ ഡയറക്ടേറ്റ്, തിരുവനന്തപുരം

2. രജനി ഗോപിനാഥ് മേനോൻ, അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, സർവെ റേഞ്ച്, തൃശൂർ

3. സബിത എസ്, അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, റീസർവെ, പാലക്കാട്

കേരളം – ഹിമാചൽ വിദ്യാർഥികളുടെ ഓൺലൈൻ ട്വിന്നിങ് പ്രോഗ്രാം

ഏക് ഭാരത് ശ്രേഷ്ഠ് ഭാരത് പദ്ധതിയുടെ ഭാഗമായി കേരളത്തിലെയും ഹിമാചൽപ്രദേശിലെയും വിദ്യാർഥികളെ ഉൾപ്പെടുത്തി സമഗ്രശിക്ഷാ കേരളം സംഘടിപ്പിക്കുന്ന ഓൺലൈൻ കൾച്ചറൽ ട്വിന്നിങ് പ്രോഗ്രാം ഇന്ന്(ഫെബ്രുവരി 23) രാവിലെ 11ന് പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. കേരളത്തിലെയും ഹിമാചൽ പ്രദേശിലേയും കലാരൂപങ്ങൾ, കാർഷിക രീതികൾ, ഉത്സവങ്ങൾ തുടങ്ങിയ വിഷയങ്ങളിലുള്ള വിഡിയോകൾ പരിപാടിയിൽ അവതരിപ്പിക്കും. സമഗ്രശിക്ഷ കേരളയുടെ യുട്യൂബ് ചാനൽ വഴി പരിപാടി തത്സമയം കാണാം.

വിവിധ സംസ്ഥാനങ്ങളിലെ കുട്ടികൾ തമ്മിലുള്ള ആശയ വിനിമയം മെച്ചപ്പെടുത്തുകയും പരസ്പര ധാരണ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണു കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഏക് ഭാരത് ശ്രേഷ്ഠ ഭാരത് പരിപാടി നടപ്പാക്കുന്നത്. ഓരോ സംസ്ഥാനത്തിനും മറ്റൊരു സംസ്ഥാനത്തെ ജോഡിയായി നിശ്ചയിച്ചിട്ടുണ്ട്. ഹിമാചൽപ്രദേശാണു കേരളത്തിനു ജോഡിയായി ലഭിച്ചിട്ടുള്ള സംസ്ഥാനം.

തിരുവനന്തപുരം നന്ദാവനത്തുള്ള സമഗ്രശിക്ഷാ കേരള പ്രൊജക്ട് ഡയറക്ടറുടെ കാര്യാലയത്തിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ. ജീവൻബാബു, സമഗ്രശിക്ഷ കേരള ഡയറക്ടർ ഡോ. എ.ആർ. സുപ്രിയ, ഹിമാചൽപ്രദേശ് സംസ്ഥാനതല പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

സോണോളജിസ്റ്റ് നിയമനം: അഭിമുഖം മാർച്ച് 3ന്

തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ അലോപ്പതി വിഭാഗത്തിൽ സോണോളജിസ്റ്റിനെ താത്കാലികമായി ദിവസവേതനത്തിന് ഓൺകോൾ വ്യവസ്ഥയിൽ നിയമിക്കുന്നതിന് മാർച്ച് 3ന് രാവിലെ 11ന് അഭിമുഖം നടത്തും.

വയസ്, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെ ഒറിജിനൽ, പകർപ്പ് എന്നിവ സഹിതം തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ ഓഫീസിൽ എത്തണം. എം.ബി.ബി.എസും റേഡിയോ ഡയഗ്നോസിസ് ഡിപ്ലോമയോ എം.ഡിയോ ആണ് യോഗ്യത.

റിസോഴ്സ് പേഴ്സൺ മാർക്കു പരിശീലനം

എനർജി മാനേജ്മെന്റ് സെന്ററിന്റെ ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്താനുള്ള റിസോർസ് പേഴ്സൺമാർക്കുള്ള പരിശീലന പരിപാടിക്ക് അപേക്ഷ ക്ഷണിച്ചു. രണ്ടു ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി മാർച്ചിൽ കേരളത്തിലെ എല്ലാ ജില്ലകളിലും നടത്തും. കുറഞ്ഞത് പ്ലസ്ടു അല്ലെങ്കിൽ തത്തുല്ല്യ യോഗ്യതയും എനർജി/എൻവയോൺമെന്റ് വിഷയങ്ങളിൽ താല്പര്യവും ഉള്ളവർക്ക് പങ്കെടുക്കാം. മുൻകാലങ്ങളിൽ ഇ.എം.സി യുടെ പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്കും ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കം. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റും ഇ.എം.സി യുടെ റിസോർസ് പേഴ്സൺ ആയി അംഗീകരിച്ചുള്ള ഐഡന്റിറ്റി കാർഡും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 7736042377.

കർഷക കടാശ്വാസ കമ്മീഷൻ സിറ്റിങ് 25നും 26നും തിരുവനന്തപുരത്ത്

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ഫെബ്രുവരി 25, 26 തീയതികളിൽ തിരുവനന്തപുരം ജില്ലയിലെ അപേക്ഷകരുടെ അപേക്ഷകളിൻമേൽ തിരുവനന്തപുരത്തെ കമ്മീഷൻ ഓഫീസിൽ ഓൺലൈൻ സിറ്റിംഗ് നടത്തും. കമ്മിഷൻ ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യുവും അംഗങ്ങളും പങ്കെടുക്കും.

രാവിലെ 10ന് സിറ്റിങ് ആരംഭിക്കും. ഓൺലൈൻ സിറ്റിംഗിൽ പങ്കെടുക്കുന്നതിനായി അപേക്ഷകർക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ചിട്ടുണ്ട്. ഹിയറിംഗിന് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിൽ കൃത്യ സമയത്ത് ഹാജരാകണം.

സിറ്റിംഗിന് ഹാജരാകുന്നവർ നിർബന്ധമായും കൊവിഡ്-19 മാനദണ്ഡങ്ങൾ പാലിക്കണമെന്നും സെക്രട്ടറി അറിയിച്ചു.

സ്വയംതൊഴിൽ വായ്പ

കൊല്ലം : ജില്ലയിൽ സ്ഥിരതാമസക്കാരായ വനിതകൾക്ക് സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിന്നും 30 ലക്ഷം രൂപ വരെ സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാം.

18 നും 55 നും ഇടയിൽ പ്രായമുള്ള തൊഴിൽരഹിതരായ വനിതകൾക്ക് (അഞ്ച് സെന്റിൽ കുറയാത്ത വസ്തു/ഉദ്യോഗസ്ഥ) ജാമ്യവ്യവസ്ഥയിൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിക്കും. www.k-sw-d-c.or-g വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന അപേക്ഷാ ഫോം പൂരിപ്പിച്ച് ആവശ്യമായ രേഖകളോടെ തിരുവനന്തപുരം മേഖല ഓഫീസിൽ നേരിട്ടോ മേഖല മാനേജർ, ഗ്രൗണ്ട് ഫ്ളോർ, ട്രാൻസ്പോർട്ട് ഭവൻ, ഈസ്റ്റ് ഫോർട്ട്, അട്ടക്കുളങ്ങര പി.ഒ, തിരുവനന്തപുരം 695023 മേൽവിലാസത്തിലോ അയക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0471 2328257, 9496015006

കഴക്കൂട്ടം കടമ്പാട്ടുകോണം ദേശീയപാതാ വികസനത്തിന്റെ ഭാഗമായി സർക്കാർ ഏറ്റെടുത്ത ഭൂമിയുടെ രേഖകൾ ജില്ലാ കളക്ടർ ഡോ.നവ്ജോത് ഖോസ ദേശീയപാതാ അതോറിറ്റി പ്രോജക്ട് ഡയറക്ടർ പി.പ്രദീപിന് കൈമാറുന്നു

മൂന്നുവയസുകാരിയുടെ ആരോഗ്യനിലയിൽ പുരോഗതി; വെൻറിലേറ്ററിൽ നിന്ന് മാറ്റി

കോലഞ്ചേരി: ഗുരുതരപരിക്കുകളോടെ കോലഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മൂന്നുവയസുകാരിയുടെ ആരോഗ്യനിലയിൽ പുരോഗതി. കുട്ടിയെ വെൻറിലേറ്ററിൽ നിന്ന് മാറ്റിയതായി മെഡിക്കൽ കോളജ് അധികൃതർ അറിയിച്ചു.

കുട്ടിയുടെ ഹൃദയമിടിപ്പ്, രക്തസമ്മർദ്ദം, ശ്വാസഗതി എന്നിവ സാധാരണഗതിയിലായിട്ടുണ്ട്. കുട്ടി മരുന്നുകളോട് പ്രതികരിക്കുന്നുണ്ട്. വൈകിട്ടോടെ ട്യൂബിലൂടെ കുട്ടിക്ക് ദ്രവ രൂപത്തിലുള്ള ഭക്ഷണം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും അധികൃതർ മെഡിക്കൽ ബുള്ളറ്റിനിൽ അറിയിച്ചു.

ആശുപത്രിയിലെ പീഡിയാട്രിക് വിഭാഗത്തിൽ തുടരുന്ന കുട്ടി ന്യൂറോ സർജറി വിഭാഗം ഡോ: ജോബി ജോസിൻറെ മേൽനോട്ടത്തിലാണ്. തിങ്കളാഴ്ച്ച പുലർച്ച യോടെയാണ് മൂന്നു വയസുകാരിയെ ഗുരുതരപരിക്കുകളോടെ കോലഞ്ചേരി മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചത്.

സംഭവത്തിൽ ശിശുക്ഷേമ സമിതി ജില്ലാ ഉപാധ്യക്ഷൻ കെ.എസ്. അരുൺ കുമാർ ആശുപതിയിലെത്തി കുട്ടിയെ സന്ദർശിച്ചു. പോലീസിനോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

കാണാൻ പിതാവെത്തി; കുട്ടിയുടെ സംരക്ഷണം ആവശ്യപ്പെട്ടു

കൊച്ചി: ഗുരുതര പരിക്കുകളോടെ ആശുപത്രിയിലെ വെൻറിലേറ്ററിൽ കഴിയുന്ന രണ്ടുവയസുകാരിയെ കാണാൻ പിതാവെത്തി. കോലഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിലാണ് അദ്ദേഹമെത്തിയത്. കുട്ടിയുടെ സംരക്ഷണം പിതാവ് ആവശ്യപ്പെട്ടു.

അതേസമയം, കുട്ടിയുടെ ആരോഗ്യനില ഗുരുതരമായി തന്നെ തുടരുകയാണ്. കുട്ടിയുടെ തലച്ചോറിനു ക്ഷതമേറ്റിട്ടുണ്ട്. ഇടതുകൈയിൽ രണ്ട് ഒടിവുകളും ശരീരത്തിൽ പുതിയതും പഴയതുമായ മുറിവുകളുമുണ്ട്. മുഖത്തടക്കം പൊള്ളലേറ്റ പാടുകളുമുണ്ട്. വെൻറിലേറ്ററിലുള്ള കുട്ടിയുടെ നില അടുത്ത 72 മണിക്കൂർ വളരെ നിർണായകമാണെന്നു ഡോക്ടർമാർ അറിയിച്ചു.

ആശുപത്രിയിൽ കഴിയുന്ന മൂന്നു വയസുകാരിയുടെ അമ്മയുടെ സഹോദരിയും ഭർത്താവും ഒളിവിൽ പോയതായാണ് സൂചന. നിലവിൽ ഇവർ പ്രതികളല്ലെന്നു തൃക്കാക്കര പോലീസ് ഇൻസ്പെക്ടർ പറഞ്ഞു. കുട്ടിയുടെ ബന്ധുക്കളിൽനിന്നു തന്നെയായിരിക്കും മർദനമേറ്റിരിക്കുന്നതെന്നാണ് പോലീസ് നിഗമനം.

കുട്ടി അപസ്മാരം വന്നു വീണപ്പോൾ ഉണ്ടായ പരിക്കാണെന്നായിരുന്നു ബന്ധുക്കൾ ആദ്യം പറഞ്ഞത്. പിന്നീട് പോലീസ് ചോദ്യം ചെയ്യലിൽ കുട്ടിക്കു ബാധ കയറിയതാണെന്നും മുകളിൽനിന്ന് എടുത്തു ചാടുകയും സ്വയം മുറിവേൽപ്പിക്കുകയുമായിരുന്നെന്നും അമ്മ തിരുത്തിപ്പറഞ്ഞു.

കുന്തിരിക്കം കത്തിച്ചപ്പോഴാണ് കുട്ടിയുടെ കൈയിൽ പൊള്ളലേറ്റതെന്നും ഇവർ പറഞ്ഞിരുന്നു. അതിനിടെ കുട്ടിയെ ആരോ മർദിച്ചു എന്ന അമ്മൂമ്മയുടെ മൊഴിയുമുണ്ട്. മൊഴികൾ പരസ്പരവിരുദ്ധമായതിനാൽ ബന്ധുക്കൾ പോലീസ് നിരീക്ഷണത്തിലാണ്.

പരിക്ക് പറ്റിയ കുട്ടിക്ക് ചികിത്സ വൈകിപ്പിച്ചതിൽ അമ്മക്കെതിരേ തൃക്കാക്കര പോലീസ് കേസെടുത്തിട്ടുണ്ട്. ഞായറാഴ്ച രാത്രിയിൽ പരിക്ക് പറ്റിയ കുട്ടിയുമായി അമ്മയും മുത്തശിയുമാണ് പഴങ്ങനാട് ആശുപത്രിയിൽ എത്തിയത്. വീണ് പരിക്കു പറ്റിയതാണെന്നാണ് ഇവർ ആശുപത്രിയിൽ പറഞ്ഞത്.

കുട്ടിയുടെ ശരീരമാകെ ഗുരുതരമായ പരിക്കുള്ളതുകൊണ്ട് വിദഗ്ധ ചികിത്സക്കായി അവിടെനിന്നും കോലഞ്ചേരി മെഡിക്കൽ കോളജിലേക്കു വിടുകയായിരുന്നു. മെഡിക്കൽ കോളജ് ഡോക്ടർ പോലീസിനെ അറിയിച്ചപ്പോഴാണ് സംഭവം പുറത്തുവന്നത്. കുട്ടിയുടെ ദേഹമാകെ കാണപ്പെട്ട മുറിവുകളും കൈയിലെ പൊള്ളലേറ്റതും ഒരു ദിവസം സംഭവിച്ചതല്ലെന്നു പോലീസ് സംശയിക്കുന്നു.

അഭിമുഖം മാറ്റി

തിരുവനന്തപുരം തൈക്കാട് റെസ്റ്റ് ഹൗസിൽ ദിവസവേതന അടിസ്ഥാനത്തിൽ ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റിനെ നിയമിക്കുന്നതിനായി ഫെബ്രുവരി 25ന് നടത്താൻ നിശ്ചയിച്ചിരുന്ന അഭിമുഖം ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ മാറ്റി വച്ചതായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ഒഴിവ്

ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ ഒഴിവ് നികത്തുന്നതിന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ സെലക്ഷൻ കമ്മിറ്റി അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി മാർച്ച് ഏഴ്. അപേക്ഷകൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം- 695010 എന്ന വിലാസത്തിൽ ലഭിക്കണം. ഇതു സംബന്ധിച്ച വിശദമായ വിവരങ്ങൾ കമ്മീഷന്റെ വെബ്സൈറ്റായ www.er-c-k-er-a-l-a.or-g ൽ നിന്നും ലഭ്യമാണ്.

ലിറ്റിൽ കൈറ്റ്സ് പുതിയ യൂണിറ്റുകൾക്കും അംഗത്വത്തിനും അപേക്ഷ ക്ഷണിച്ചു

പൊതു വിദ്യാഭ്യാസ മേഖലയിലെ കുട്ടികളുടെ ഐ ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങൾക്കാണ് യൂണിറ്റ് അനുവദിക്കുന്നത്. വിദ്യാലയങ്ങളിലെ ഹൈടെക് ഉപകരണങ്ങളുടെ ഉപയോഗം, കമ്പ്യൂട്ടർ ലാബിന്റെ തൽസ്ഥിതി, സ്കൂൾ വിക്കി പേജിന്റെ പരിപാലനം തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചായിരിക്കും രജിസ്ട്രേഷൻ നൽകുന്നത്. താല്പര്യമുള്ള വിദ്യാലയങ്ങൾ സശലേ.സല്യമഹമ.ഴീ.ശി ലെ ഘശഹേല ഗകാഞ്ഞ എന്ന ലിങ്ക് വഴി 'സമ്പൂർണ' യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഫെബ്രുവരി 28 നകം അപേക്ഷ സമർപ്പിക്കണം.

നിലവിൽ ലിറ്റിൽ കൈറ്റ്സ് രജിസ്ട്രേഷൻ ഉള്ള വിദ്യാലയങ്ങൾ അവരുടെ രജിസ്ട്രേഷൻ വിശദാംശങ്ങൾ നിശ്ചിത തീയതിക്കകം പുതുക്കണം. രജിസ്ട്രേഷൻ ലഭിക്കുന്ന വിദ്യാലയങ്ങളുടെ പട്ടിക കൈറ്റ് വെബ്സൈറ്റിൽ മാർച്ച് 3 ന് പ്രസിദ്ധീകരിക്കും. അംഗമാകാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ കൈറ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന മാതൃകയിൽ എഴുതി തയ്യാറാക്കിയ അപേക്ഷ മാർച്ച് 7 നകം ക്ലാസ് ടീച്ചർ മുഖേന പ്രഥമാധ്യാപകർക്ക് നൽകണം. മാർച്ച് മൂന്നാം വാരം നടത്തുന്ന അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും അടുത്ത ബാച്ചിന് അംഗത്വം ലഭിക്കുന്നതെന്ന് കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് അറിയിച്ചു.

സ്കൂളുകളിലെ ഹാർഡ്‌വെയർ പരിപാലനം, രക്ഷാകർത്താക്കൾക്കുള്ള കമ്പ്യൂട്ടർ സാക്ഷരത, ഏകജാലകം ഹെൽപ്ഡെസ്ക്, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക ഐടി പരിശീലനം, പൊതുജനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഇൻസ്റ്റാൾ ചെയ്ത് നൽകൽ, ഡിജിറ്റൽ മാപ്പിങ്, സൈബർ സുരക്ഷാ പരിശോധനയും ബോധവൽക്കരണവും, സ്കൂൾ വിക്കിയിലെ വിവരങ്ങൾ പുതുക്കൽ, ഐടി മേളകളുടെയും ക്യാമ്പുകളുടെയും സംഘാടനം, വിക്ടേഴ്സിലേക്ക് ആവശ്യമായ വാർത്തകളുടെയും ഡോക്യുമെന്ററികളുടെയും നിർമാണം സ്കൂൾതല വെബ് ടിവികൾ എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനം ലിറ്റിൽ കൈറ്റ്സ് ക്ലബുകൾ സംഘടിപ്പിക്കും. പരിശീലനങ്ങൾക്കുപുറമെ മറ്റ് വിദഗ്ധരുടെ ക്ലാസുകൾ, ക്യാമ്പുകൾ, ഇൻഡസ്ട്രി വിസിറ്റുകൾ തുടങ്ങിയവയും ഇതിന്റെ ഭാഗമായി നടത്തും.

ഖാദിബോർഡ് പുനഃസംഘടിപ്പിച്ചു

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് പുതിയ അംഗങ്ങളെ ചേർത്ത് പുനഃസംഘടിപ്പിച്ചു. ചെയർമാൻ പി. രാജീവ് (വ്യവസായ വകുപ്പ് മന്ത്രി), വൈസ് ചെയർമാൻ പി. ജയരാജൻ (കണ്ണൂർ), എസ്. ശിവരാമൻ (പാലക്കാട്), കെ.പി.രണധീവേ (തിരുവനന്തപുരം), സി.കെ. ശശിധരൻ (കോട്ടയം), കെ.എസ്. രമേഷ് ബാബു (കോട്ടയം), സാജൻ തോമസ് (കോട്ടയം), കെ. ചന്ദ്രശേഖരൻ (എറണാകുളം), ഔദ്യോഗിക ബോർഡ് അംഗങ്ങൾ സന്തോഷ്. ആർ (അണ്ടർ സെക്രട്ടറി, വ്യവസായ വകുപ്പ്), ശ്രീലത സുകുമാരൻ (ജോയിന്റ് സെക്രട്ടറി, ഫിനാൻസ്), ഡോ.കെ.എ. രതീഷ് (മെമ്പർ സെക്രട്ടറി).

മൊബൈൽ ബാങ്കിംഗ് തട്ടിപ്പ്: ഒരാൾ കൂടി അറസ്റ്റിൽ

കൊല്ലം: വീട്ടമ്മയുടെ ബാങ്ക് അക്കൗണ്ട ിൽ നിന്നും മൊബൈൽ ബാങ്കിംഗ് വഴി 8.16 ലക്ഷം രൂപ കൈക്കലാക്കിയ സംഘത്തിലെ ഒരാൾ കൂടി കൊല്ലം സിറ്റി സൈബർ ക്രൈം പോലീസിൻറെ പിടിയിലായി. എറണാകുളം ആലുവ കുറുമല്ലൂർ ആലങ്ങാട് ആശാരിപറമ്പിൽ രജീഷ്.എ.ആർ (34) ആണ് പോലീസ് പിടിയിലായത്. ഇയാളെ എറണാകുളം കത്രിക്കടവിൽ നിന്നുമാണ് പിടികൂടിയത്.

തിരുമുല്ലവാരം സ്വദേശിനിയായ അറുപത്തിയെട്ട്കാരിയുടെ ഫെഡറൽ ബാങ്കിലുള്ള അക്കൗണ്ടിൽ നിന്നുമാണ് പണം തട്ടിയെടുത്തത്. ബാങ്കിൽ അക്കൗണ്ട ിനായി ഇവർ നൽകിയ മൊബൈൽ നമ്പർ ഉപയോഗിച്ചാണ് തട്ടിപ്പ് നടത്തിയത്. ദീർഘകാലം മൊബൈൽ നമ്പർ ഇവർ ഉപയോഗിക്കാതിരുന്നതിനെ തുടർന്ന് സർവീസ് പ്രൊവൈഡർ ഇവരുടെ സിം മരവിപ്പിച്ചിരുന്നു.

തുടർന്ന് എറണാകുളം പെരുമ്പാവൂരിൽ അവർ വിതരണം ചെയ്ത ഈ സിംകാർഡ് ലഭിച്ച സംഘമാണ് തട്ടിപ്പ് നടത്തിയത്. ബാങ്കിൽ രജിസ്റ്റർ ചെയ്തിരുന്ന ഈ സിംകാർഡിലേക്ക് വന്ന മെസേജുകൾ ഉപയോഗിച്ച് ഇവർ മൊബൈൽ ബാങ്കിംഗിലേക്ക് കടന്ന് കയറുന്നതിനുള്ള വിവരങ്ങൾ കരസ്ഥമാക്കി. ഇത് ഉപയോഗിച്ച് ഇവർ ഫെഡറൽ ബാങ്കിൻറെ ഫെഡ്നെറ്റ് മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷൻ ഇവരുടെ മൊബൈലിൽ ഇൻസ്റ്റാൾ ചെയ്യുകയും അത് വഴി മറ്റ് അക്കൗണ്ട ുകളിലേക്ക് പണം ട്രാൻസഫർ ചെയ്ത് തട്ടിയെടുക്കുകയായിരുന്നു. പണം നഷ്ടപ്പെട്ട വീട്ടമ്മയുടെ പരാതിയിൽ കൊല്ലം സിറ്റി സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിലാണ് അറസ്റ്റ് ഉണ്ടായത്. സംഘത്തിലുൾപ്പെട്ട നാല് പേരെ കഴിഞ്ഞ ദിവസങ്ങളിൽ പ്രത്യേക അന്വേഷണ സംഘം പിടികൂടിയിരുന്നു. നൂതന മാർഗത്തിലൂടെ പണം നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ട കൊല്ലം ജില്ലാ പോലീസ് മേധാവി നാരായണൻ പ്രത്യേക സംഘത്തെ അന്വേഷണത്തിന് നിയോഗിക്കുകയായിരുന്നു. കൊല്ലം സിറ്റി സിബ്രാഞ്ച് അസിസ്റ്റൻറ് കമ്മീഷണർ സോണി ഉമ്മൻകോശിയുടെ നേതൃത്വത്തിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ എച്ച്. മുഹമ്മദ്ഖാൻ, എസ്ഐമാരായ അബ്ദുൽമനാഫ്, അജിത് കുമാർ, എഎസ്ഐ നിയാസ്, സിപിഒമാരായ അനീഷ്. സതീഷ്കുമാർ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. ഇയാളെ റിമാൻറ് ചെയ്തു.

തമിഴ്നാട്ടിൽ സ്റ്റാലിൻ തരംഗം; അണ്ണാ ഡിഎംകെ തകർന്നടിഞ്ഞു

ചെന്നൈ: തമിഴ്നാട് തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ ത്രസിപ്പിക്കുന്ന വിജയവുമായി ഡിഎംകെ. സംസ്ഥാനത്തെ 21 കോർപ്പറേഷനുകളും ഡിഎംകെ സഖ്യം തൂത്തുവാരി. അണ്ണാ ഡിഎംകെയുടെ ഉറച്ച കോട്ടയായി കരുതപ്പെടുന്ന ഇടങ്ങളും ഡിഎംകെ പിടിച്ചെടുത്തതിൽപ്പെടും.

അണ്ണാ ഡിഎംകെയുടെ മുതിർന്ന നേതാക്കളായ ഒ. പനീർശൽവത്തിൻറേയും എടപ്പാടി പളനി സ്വാമിയുടേയും വാർഡുകളിൽ പോലും അവർക്ക് വിജയിക്കാൻ സാധിച്ചില്ല. പടിഞ്ഞാറൻ തമിഴ്നാട്ടിലെ ഏതാണ്ട് 75 ശതമാനത്തിലേറെ സീറ്റുകളും ഡിഎംകെ സ്വന്തമാക്കിക്കഴിഞ്ഞു.

ആകെയുള്ള 138 മുനിസിപ്പാലിറ്റികളിൽ 132 എണ്ണത്തിലും ഡിഎംകെ സഖ്യമാണ് ലീഡ് ചെയ്യുന്നത്. 489 നഗരപഞ്ചായത്തുകളിൽ 391 എണ്ണത്തിലും ഡിഎംകെ സഖ്യം മുന്നിലാണ്. 987 സീറ്റുകളിൽ ഡിഎംകെ സഖ്യം വിജയിച്ചതായി ഔദ്യോഗിക ഫലപ്രഖ്യാപനം വന്നു.

അണ്ണാ ഡിഎംകെ സഖ്യം ഇതുവരെ ജയിച്ചത് 265 സീറ്റുകളിൽ മാത്രം. കോൺഗ്രസ് 65ഉം ബിജെപി 24 സീറ്റുകളിലും വിജയിച്ചു. സിപിഎമ്മിന് 20ഉം സിപിഐക്ക് ഒമ്പതും സീറ്റുകളിൽ ഇതുവരെ ജയിക്കാനായി. നടൻ കമൽഹാസൻറെ പാർട്ടി മക്കൾ നീതിമയ്യത്തിന് ചലനമുണ്ടാക്കാനായില്ല.

സംസ്ഥാനത്തെങ്ങും ഡിഎംകെ പ്രവർത്തകർ പടക്കം പൊട്ടിച്ചും മധുരം വിതരണം ചെയ്തും ആഘോഷിക്കുകയാണ്. മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻറെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാറിനുള്ള അംഗീകാരമായാണ് ഡിഎംകെ വിജയത്തെ നോക്കിക്കാണുന്നത്.

25 സപ്ലൈകോ വില്പന ശാലകളുടെ പ്രവർത്തനം ആരംഭിക്കുന്നു

*സംസ്ഥാന തല ഉദ്ഘാടനം 26 ന് മുഖ്യമന്ത്രി നിർവഹിക്കും

സർക്കാർ ഒന്നാം വർഷം പൂർത്തിയാക്കുന്നതിനോടനുബന്ധിച്ച് 100 ദിന കർമ്മ പരിപാടികൾ സംസ്ഥാനത്ത് നടപ്പാക്കുന്നു. ഇതിന്റെ ഭാഗമായി പുതിയതും നവീകരിച്ചതുമായ 25 സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന്റെ സംസ്ഥാന തല ഉദ്ഘാടനവും തിരുവനന്തപുരം തമ്പാനൂർ കെ.എസ്.ആർ.ടി.സി ബസ് ടെർമിനലിൽ ആരംഭിക്കുന്ന സപ്ലൈകോ സൂപ്പർ മാർക്കറ്റിന്റെ ഉദ്ഘാടനവും ഫെബ്രു. 26 വൈകിട്ട് 5.30ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഭക്ഷ്യ-പൊതുവിതരണ വകുപ്പു മന്ത്രി അഡ്വ.ജി.ആർ.അനിൽ അധ്യക്ഷത വഹിക്കും. ഗതാഗത മന്ത്രി അഡ്വ.ആന്റണിരാജു ആദ്യ വില്പന നടത്തും. പൊതുവിദ്യാഭ്യാസ വകുപ്പു മന്ത്രി വി.ശിവൻകുട്ടി മുഖ്യാതിഥിയാകും. ഡോ. ശശി തരൂർ എം.പി, മേയർ എസ്. ആര്യാ രാജേന്ദ്രൻ എന്നിവർ വിശിഷ്ടാതിഥികളാകും. ഡെ. മേയർ പി.കെ.രാജു, കെ.എസ്.ആർ.ടി.സി ചെയർമാൻ ഡോ.ബിജു പ്രഭാകർ, കൗൺസിലർ സി.ഹരികുമാർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. സപ്ലൈകോ മാനേജിങ് ഡയറക്ടർ ഡോ. സഞ്ജീബ് കുമാർ പട്ജോഷി സ്വാഗതവും ജനറൽ മാനേജർ ടി.പി.സലീം കുമാർ നന്ദിയും പറയും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, വിവിധ സപ്ലൈകോ വില്പനശാലകളുടെ ഉദ്ഘാടനമാണ് നടക്കുക. മന്ത്രിമാർ, അതതു ജില്ലകളിലെ എം.പിമാർ, എം.എൽ.

പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ചു കൊന്നു; പ്രതി പിടിയിൽ

സൂറത്ത്: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച് കൊലപ്പെടുത്തിയ പ്രതി പിടിയിൽ. ഗുജറാത്തിലെ സൂറത്തിലാണ് സംഭവം.

സൂറത്തിൽ നിന്നും 15 കിലോമീറ്റർ അകലെയുള്ള പൽസാന ടൗണിലാണ് സംഭവം. പ്രതിയുടെ വീടിന് സമീപമാണ് പെൺകുട്ടി താമസിച്ചിരുന്നത്.

മാതാപിതാക്കൾ ഇല്ലാതിരുന്ന സമയമാണ് പ്രതി പെൺകുട്ടിയെ തൻറെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്നത്. തുടർന്ന് പീഡിപ്പിക്കുകയായിരുന്നു. മാതാപിതാക്കൾ വീട്ടിൽ മടങ്ങിയെത്തിയപ്പോഴാണ് കുട്ടിയെ കാണാതായ വിവരം മനസിലായത്.

തുടർന്ന് നടത്തിയ അന്വേഷണത്തിൽ വീടിന് സമീപമുള്ള ഒരു കെട്ടിടത്തിൻറെ മുറിയിൽ നിന്നും കുട്ടിയ അബോധാവസ്ഥയിൽ കണ്ടെത്തി. ഗുരുതര പരിക്കേറ്റ നിലയിലായിരുന്നു കുട്ടി.

കുട്ടിയെ ഉടൻതന്നെ ആശുപത്രിയിലെത്തിച്ചുവെങ്കിലും മരണം സംഭവിച്ചിരുന്നു. സിസിടിവി കേന്ദ്രീകരിച്ച് പോലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ പിടികൂടാനായത്. ദയാറാം എന്നയാളെയാണ് അറസ്റ്റ് ചെയ്തത്.

പ്രതി കുറ്റം സമ്മതിച്ചിട്ടുണ്ട്. ഇയാൾ മാത്രമാണോ അതോ വേറെയും ആളുകൾ കുട്ടിയെ പീഡിപ്പിച്ചിരുന്നോയെന്ന കാര്യത്തിൽ പോലീസ് അന്വേഷണം നടത്തുകയാണ്.

വെർട്ടിക്കൽ പച്ചക്കറി കൃഷിക്ക് ഹോർട്ടികൾച്ചർ മിഷന്റെ പദ്ധതി

പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും വിഷരഹിത പച്ചക്കറി ഉത്പാദനം വർധിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ നഗരങ്ങളിലും നഗരപ്രാന്തങ്ങളിലും ഭൂരഹിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ നേതൃത്വത്തിൽ വെർട്ടിക്കൽ മാതൃകയിൽ പച്ചക്കറി കൃഷി ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസേർച്ചിന്റെ സാങ്കേതിക സഹായത്തോടെയാണു പദ്ധതി.

ഒരു സ്ക്വയർ മീറ്റർ വിസ്തൃതിയിൽ സ്ഥാപിക്കാൻ കഴിയുന്ന നാല് അടുക്കുകളുള്ള അർക്ക വെർട്ടിക്കൽ ഗാർഡൻ സ്ട്രച്ചറിനൊപ്പം 16 ചെടിച്ചട്ടികൾ, ഐ.ഐ.എച്ച്.ആർ ന്റെ 80 കിലോഗ്രാം പരിപോഷിപ്പിച്ച നടീൽ മാധ്യമം (ചകിരിച്ചോർ), ചീര, മുളക്, പാലക്ക്, മല്ലി, കത്തിരി, തക്കാളി, ബീൻസ് എന്നീ വിളകളുടെ വിത്ത്, സസ്യ പോഷണ-സംരക്ഷണ പദാർത്ഥങ്ങൾ, 25 ലിറ്റർ സംഭരണ ശേഷിയുള്ള തുള്ളിനന സൗകര്യം എന്നിവ ലഭ്യമാക്കും. ചക്രങ്ങൾ ഘടിപ്പിച്ചിട്ടുള്ളതിനാൽ സൂര്യപ്രകാശ ലഭ്യതയ്ക്കനുസരിച്ച് സ്ഥാനം മാറ്റാനാകും.

2021-22 മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷൻ പരിധിയിലെ താമസക്കാരായ ഗുണഭോക്താക്കൾക്കായി 330 യൂണിറ്റുകൾ 75 ശതമാനം ധനസഹായത്തോടെ നൽകും. യൂണിറ്റൊന്നിന് 23,340 രൂപ ചിലവ് കണക്കാക്കിയിട്ടുള്ള പദ്ധതിയുടെ 17,505 രൂപ (75 ശതമാനം) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വിഹിതവും, 5,835 രൂപ (25 ശതമാനം) ഗുണഭോക്തൃ വിഹിതവുമാണ്.

പദ്ധതി സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുമായി ززز.ഖൊ.സല്യമഹമ.ഴീ.ശി സന്ദർശിക്കുക. അവസാന തീയതി മാർച്ച് ഒന്ന്.

വിജ്ഞാനം സർവത്ര സംപൂജ്യം പരിപാടി നടത്തി

സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികത്തിന്റെ ഭാഗമായി സ്വാതന്ത്ര്യ സമര സേനാനികൾക്ക് ആദരം അർപ്പിക്കുന്നതിനും രാജ്യത്തിന്റെ ശാസ്ത്ര നേട്ടങ്ങൾ പ്രദർശിപ്പിക്കുന്നതിനും രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന വിജ്ഞാനം സർവത്ര സംപൂജ്യം ശാസ്ത്ര ഉത്സവത്തിന് കേരളത്തിലും തുടക്കമായി. തിരുവനന്തപുരം പട്ടം സെന്റ് മേരീസിൽ നടക്കുന്ന ശാസ്ത്രോത്സവം ശാസ്ത്ര ഉപദേഷ്ടാവ് എം. സി. ദത്തൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ശാസ്ത്ര സങ്കേതിക പരിസ്ഥിതി കൗൺസിലാണ് നേതൃത്വം നൽകുന്നത്. പ്രൊഫ.കെ. പി. സുധീർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഫെബ്രുവരി 28 വരെ സ്കൂളിൽ പ്രദർശനം നടക്കും. ഐ. എസ്. ആർ. ഒ, കെ. എ. എസ്. സി. എസ്. ടി. ഇ, ജെ. എൻ. ടി. ബി. ജി. ആർ. ഐ, നാറ്റ്പാക്, എൻവിസ് ഹബ്, പി. ഐ. സി, സംസ്ഥാന ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, സർവവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്, ഡി. സി. ബുക്ക്സ് തുടങ്ങിയവർ പ്രദർശനത്തിൽ പങ്കെടുക്കുന്നുണ്ട്.

നഷ്ടപ്പെട്ടു

Bijeesh Babu എന്ന എന്റെ പേരിലുള്ള **J2936431** എന്ന നമ്പറിലുള്ള പാസ്സ്പോർട്ട് വഴിയാത്രയ്ക്കിടയിൽ നഷ്ടപ്പെട്ടുപോയി. കുകിട്ടുന്നവർ ദയവായി 9747666937 എന്ന നമ്പറിൽ ബന്ധപ്പെടുക.

Edited, Printed, Published & owned by Yesudas William, `Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.